കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊയിലാണ്ടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

ഫോൺ :0495-2371012

തിയ്യതി .28.01.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊയിലാണ്ടി നഗരസഭ

സർ,

വിഷയം : കൊയിലാണ്ടി നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റീസ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുൻസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി/പി.8/118/17 തിയ്യതി:28.01.2017

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1.4.15 മുതൽ 31.3.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ പി ഉണ്ണികൃഷ്ണൻ ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2017 മുതൽ 27.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ എം ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ മോഹൻ കുന്നം മനക്കൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയകുമാർ പാലോളി | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഇല്യാസ് ടി | ഓഡിറ്റർ |
| | ശ്രീ ഷൈജു സി<br>ശ്രീ ശ്രീജിത്ത് കെ വി | ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി കെ ശാന്ത. | 01.04.2015മുതൽ31.10.2015വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| ചെയർമാൻ | ശ്രീ അഡ്വ. കെ സത്യൻ | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ സജി എസ് എസ് | 01.04.2015മുതൽ14.05.2015 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി ഷെറിൽ ഐറിൻ സോളമൻ | 15.05.2015മുതൽ31.03.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വ്യവസായ വികസന ഓഫീസർ | ശ്രീ രാധാകൃഷ്ണൻ കെ | 01.04.2015മുതൽ31.03.2016വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ മോഹനൻ ടി കെ | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.എ ജെ ജോയ് | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി അനിതാ പാലേരി<br>ശ്രീമതി ഷബ്ന സൈനദ്ദീൻ | 01.04.2015മുതൽ22.12.2015വരെ<br>22.12.2015മുതൽ31.03.2016വരെ |
| സൂപ്രണ്ട് (ഹോമിയോ ആശുപത്രി) | ഡോ.പുഷ്പം ജെ ചുണ്ടമല<br>ഡോ. സി പ്രീത | 01.04.2015മുതൽ31.05.2015വരെ<br>01.06.2015മുതൽ31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി രമണി സി ടി | 01.04.2015മുതൽ31.03.2016വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി ചിത്ര എം | 01.04.2015മുതൽ31.03.2016വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി മധുകുമാരി | 01.04.2015മുതൽ31.03.2016വരെ |
| പ്രിൻസിപ്പൽ ജിവിഎച്ച്എസ്എസ് | ശ്രീ ബിജേഷ് ഉപ്പാലക്കൽ | 01.04.2015മുതൽ31.03.2016വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി | ഡോ.സച്ചിൻ ബാബു | 01.04.2015മുതൽ31.03.2016വരെ |
| മുൻസിപ്പൽ എഞ്ചിനീയർ | കുമാരി മിനി എ എസ് | 01.04.2015മുതൽ31.03.2016വരെ |
| പ്രൊജക്റ്റ് ഓഫീസർ | ശ്രീ വില്യംസ്, സൂപ്രണ്ട് (ചാർജ്ജ്)<br>ശ്രീ വി.പി.ഉണ്ണികൃഷ്ണൻ, സൂപ്രണ്ട്<br>ശ്രീ പ്രസാദ്. കെ. എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1.4.15 മുതൽ 11.6.15വരെ<br>12.6.15 മുതൽ 01.12.15<br>2.12.15 മുതൽ 31.3.16 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ഫണ്ട് വിനിയോഗം | 1-9 |

| | | |
|---|---|---|
| | | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | തൊഴിൽ നികുതി അപാകതകൾ | 2-1 |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | ഭാഗം 3 | |
| | | |
| | | |
| | | 3-7 |
| | | 3-8 |
| | | 3-9 |

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | ഭാഗം 4 | |
| 53 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 56 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 57 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 62 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.02.2016 തിയതിയിലെ 01/2016 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.01.2017 | അനുബന്ധം കാണുക. |

### 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ് - 12,6504055.67/-

വരവ് - 16,0637455/-

ആകെ - 28,7141510.67/-

ചെലവ് - 20,4965397/-

നീക്കിയിരിപ്പ് - 8,2176113.67/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20320498 | | 60425659 | 53368252 | (-)7057407<br>(+)40105161 |
| വികസനഫണ്ട് എസ്.സി.പി. | 8769638 | 10279110 | 19048748 | 15562781 | (-)3485967 |
| സംരക്ഷണഗ്രാന്റ് റോഡ് | 3818339 | 9519072 | 13337411 | 13337411 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 9258491 | 9915683 | 19174174 | 19174174 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11234150 | 39165952 | 50400102 | 25303428 | (-)25096674 |
| പെർഫോമൻസ് ഗ്രാന്റ് | 11894860 | 9215166 | 21110026 | 9587506 | (-)11522520 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 200776573 | 224 | 137367909 | 23 | 47 | |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15235270 | 18340272 | 3105002 | |
| നികുതിയേതര വരവുകൾ | 11289875 | 15890805 | 4600930 | |
| മറ്റുവരവുകൾ | 897592 | 3194154 | 2296562 | |
| ആകെ | 27422737 | 37425231 | 10002494 | 36% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1208760 | 532 |
| കർഷകതൊഴിലാളി പെൻഷൻ | 8358700 | 1172 |
| വിധവാപെൻഷൻ | 19740195 | 2417 |
| വാർദ്ധക്യകാലപെൻഷൻ | 5361440 | 1815 |
| വികലാംഗപെൻഷൻ | 5774005 | 619 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2779880 | 310 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1590000 | 53 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 92,035/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2015 മുതൽ 25.02.2015 വരെ | 2013-14 | F-625/15 16.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.2013 മുതൽ 09.01.2014 വരെ | 2012-13 | LBA.HQ VI/8A/2036/27, 06.02.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

കൊയിലാണ്ടി നഗരസഭയുടെ 2015-16 വർഷത്തെ വാർഷികധനകാര്യ പത്രിക,അനുബന്ധ പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 70395 രൂപ വരവുണ്ടെങ്കിലും RP -29 ഷെഡ്യൂളിൽ ഈ ഇനത്തിൽ 55583 രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. കൃഷി ഓഫീസറുടെ പേരിലുള്ള SB A/C No.14070100162343, ഫണ്ട് വിവരം വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല.

3. തൊഴിലില്ലായ്മ വേതനം ,സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം വരവുചെലവുകൾ അക്കൗണ്ട് ചെയ്തിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ബാലൻസ് ഷീററ് B7,B8,B9 എന്നിവ പ്രകാരമുള്ള ബാധ്യതതുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ B11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യത്തിന്റെ (230318822) കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
6. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1058786 രൂപയാണ് വർഷാവസാനം മുൻകൂർ ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യാനുള്ളത്.എന്നാൽ B18 ഷെഡ്യൂൾ പ്രകാരം ഇത് 4021241 രൂപയാണ്.
7. വസ്തുനികുതി തൻവർഷ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
8. തൊഴിൽ നികുതി തൻവർഷ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
9. ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഇനത്തിൽ വരവുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
10. വൗച്ചർ നമ്പർ 292/01.07.2015 പ്രകാരം ശുചിത്വമിഷനുമായി ബന്ധപ്പെട്ട് ചെലവഴിച്ച 153520 രൂപ RP-11 ഷെഡ്യൂളിൽ ഓഡിറ്റ് ഫീ ഇനത്തിലെ ചെലവായാണ് ബുക്ക് ചെയ്തത്.
11. G.O(MS) 257/04 ത.സ്വ.ഭ.വ 07.08.2004 പ്രകാരം സംസ്ഥാനത്തെ ഷോ ടാക്സ് നിർത്തൽ ചെയ്തു.എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 1200 രൂപ ഷോടാക്സ് ഇനത്തിൽ വരവുണ്ട്..
12. RP-6, RP-14 എന്നിവ പ്രകാരം സാമൂഹ്യക്ഷേമപെൻഷനുകളുടെ വരവ്ചെലവുകൾ മൈനസ് എൻട്രി വന്നതിന്റെ കൃത്യത വ്യക്തമല്ല.
13. DBT വഴി ട്രാൻസ്ഫർ നടത്തുന്ന സാമൂഹ്യക്ഷേമപെൻഷനുകളുടെ വരവ് ചെലവ് വിവരം നഗരസഭയിൽ രേഖയായി സൂക്ഷിക്കാത്തതിനാൽ I-6,I-14 ഷെഡ്യൂളുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
14. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ബില്ലിൽ നിന്നും റിക്കവർ ചെയ്ത VAT, നിർമ്മാണ ക്ഷേമനിധി ,IT എന്നിവ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
15. കേന്ദ്ര ധനകാര്യ കമ്മീഷൻ വരവ് ഇനത്തിൽ ACR ലെയും AFS ലെയും രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ വിത്യസ്തമാണ്.( ACR -14280199, AFS-39165952 )
16. വാർഷിക കണക്ക് RP 40 b പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ അതാത് ട്രഷറി / ബാങ്ക് സ്റ്റേറ്റ്മെ തുകയുമായി പൊരുത്തപ്പെടുത്തിയത് – മുഴുവൻ അക്കൗണ്ടുകളുടെയും റീകൺസിലിയേഷൻ പത്രികകളും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വിനോദ നികുതി - അപാകതകൾ

ഓഡിറ്റ് വർഷം കൊയിലാണ്ടി നഗരസഭയിലെ 3 തിയറ്ററുകളിൽ നിന്നുമായി വിനോദ നികുതിയിനത്തിൽ 26,21,045/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്. തിയറ്ററുകളിലെ സീറ്റുകളുടെയും പ്രദർശനങ്ങളുടെ എണ്ണത്തിന്റയും അടിസ്ഥാനത്തിൽ വിനോദനികുതി പിരിവ് ലക്ഷ്യപ്രാപ്തി കൈവരിച്ചതായി കാണുന്നില്ല. അമ്പാടി തിയറ്ററിൽ 725 സീറ്റും കൃഷ്ണ തിയറ്ററിൽ 768 സീറ്റും ദ്വാരക തിയറ്ററിൽ 846 സീറ്റുകളുമാണുള്ളത്.

തിയറ്ററുകളിൽ നിന്നും സമർപ്പിച്ച ഡെയ് ലി കലക്ഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ പല പ്രദർശനങ്ങൾക്കും നൂറിൽ താഴെ ടിക്കറ്റുകളാണ് ചെലവായിരിക്കുന്നത്. ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡി സി ആർ എന്നിവ പരിശോധിച്ചതിൽ "അമ്പാടി " തിയറ്ററിൽ 4 പ്രദർശനങ്ങൾക്കും കൂടി ശരാശരി 300 ടിക്കറ്റും " കൃഷ്ണ " തിയറ്ററിൽ 4 പ്രദർശനങ്ങൾക്ക് ശരാശരി 240 ടിക്കറ്റും " ദ്വാരക " തിയറ്ററിൽ 4 പ്രദർശനങ്ങൾക്കും കൂടി ശരാശരി 200 'ടിക്കറ്റുകളുമാണ് ചെലവായിട്ടുള്ളത്. മൂന്നും നാലും ആഴ്ചകൾ പ്രദർശിപ്പിക്കുന്ന പല സിനിമകളുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ഷോ പോലും ഹൗസ് ഫുൾ ആയി ഓടിയിട്ടില്ല. മാത്രമല്ല പല പ്രദർശനങ്ങൾക്കും 100 ൽ താഴെ ടിക്കറ്റുകളാണ് വിറ്റുപോയത്.

ഉദാ:

| തിയറ്റർ | കാലയളവ് | സീറ്റിംഗ് കപ്പാസിറ്റി | ചിത്രം |
|---|---|---|---|
| ദ്വാരക | 16.10.2015 മുതൽ 12.11.2015 വരെ | 846 | അമർ അക്ബർ അന്തോണി |
| “ | 25.12.2015 മുതൽ 28.01.2016 വരെ | “ | 2കൺട്രീസ് |
| കൃഷ്ണ | 15.01.2016 മുതൽ 11.02.2016 വരെ | 768 | പാവാട |

മൂന്നു തിയറ്ററുകളിലും ഒരു ദിവസത്തെ 4 പ്രദർശനത്തിനും കൂടി ,725*4 = 2900 സീറ്റുകൾ, 768*4=3072, 846*4= 3384 സീറ്റുകൾ ,എന്നിങ്ങനെ സീറ്റിംഗ് കപ്പാസിറ്റി ഉണ്ടെങ്കിലും ഇതിന്റെ പത്ത് ശതമാനം ടിക്കറ്റുകളാണ് ഡി സി ആർ പ്രകാരം വിറ്റുപോകുന്നത്. സീറ്റിംഗ് കപ്പാസിറ്റിയുടെ 25 ശതമാനം ആളുകളെയെങ്കിലും പ്രതീക്ഷിച്ചാൽ വിനോദനികുതിയിനത്തിൽ നഗരസഭയ്ക്ക് വൻ വരുമാനം ലഭിക്കേണ്ടതാണ്. തിയറ്റർ ഇൻസ്പെക്ഷൻ നടത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് വീഴ്ച ഉള്ളതായി കാണുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ പരിശോധിച്ചതിൽ , സീൽ ചെയ്ത ടിക്കറ്റുകളുടെ എണ്ണവും ഒരു വർഷത്തെ പരമാവധി ടിക്കറ്റുകളുടെ എണ്ണത്തിലും കാര്യമായ വ്യത്യാസമില്ലെങ്കിലും പ്രസ്തുത രജിസ്റ്റർ സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ല.

വിനോദനികുതി ഡിമാന്റ് രജിസ്റ്ററും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകത പരിശോധിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭ എഴുതി സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റ്‌വർഷം എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്) റൂൾസ് 2007ചട്ടം32(3) പ്രകാരം എല്ലാ ഡെപ്പോസിറ്റുകളും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ കൊയിലാണ്ടി നഗരസഭ ഓഡിറ്റ്‌വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ ഡെപ്പോസിറ്റ് തുകകൾ റീഫണ്ട് ചെയ്ത് നൽകിയതിനാൽ ഡെപ്പോസിറ്റ് റീഫണ്ടുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

കണ്ടിജന്റ് രജിസ്റ്റർ

കേരള ഫിനാൻഷ്യൽകോഡ് വാല്യം 2ആർട്ടിക്കിൾ 104 പ്രകാരം കണ്ടിജന്റ് ചെലവുകൾക്ക് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ, കണ്ടിജന്റ് ചെലവുകൾ ബജറ്റ് പ്രൊവിഷൻ പ്രകാരമുള്ള പരിധിക്കകമാണെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 കൃഷി ഓഫീസർ പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസം

കൊയിലാണ്ടി നഗരസഭയിലെ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിൽ കാലതാമസമുണ്ടാകുന്നു. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | പിരിവ് നടത്തിയ തീയതി | പിരിച്ചെടുത്ത തുക | നഗരസഭയിൽ തുക അടച്ചതിന്റെ വിവരം |
|---|---|---|---|

| | | | തീയതി | രശീത് നം |
|---|---|---|---|---|
| 1 | 17-10-2015 | 6000 | 29-10-2015 | 06007 |
| 2 | 27-11-2015 | 6500 | 10-12-2015 | 07050 |
| 3 | 28-11-2015 | 37513 | 10-12-2015 | 07051 |

തുക അടവാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം.26/25.01.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിൽ കൃഷി ഓഫീസർ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 2-5 ലേല തുക അടവാക്കുന്നതിൽ കാലതാമസം-കരാർ നിബന്ധനകൾ പാലിക്കുന്നില്ല.

നഗരസഭ 2015-16 ൽ നടത്തിയ വിവിധ ലേലങ്ങൾ കൈക്കൊണ്ടവർ ലേലതുക അടവാക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നു.ലേലം കൈക്കൊണ്ടവരുമായി നഗരസഭ ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ലേലതുക 2 ഗഡുക്കളായി അടവാക്കേണ്ടതാണ്.രണ്ടാമത്തെ ഗഡു ലേലം കൗൺസിൽ അംഗീകരിച്ചതിന് ശേഷം അടവാക്കണമെന്ന് കരാറിൽ വ്യവസ്ഥചെയ്യുന്നുണ്ട്. 2015-16 ലെ ലേലനടപടികൾ 25.03.2015 ലെ നഗരസഭാ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പിരിവവകാശങ്ങൾ ലേലത്തിനെടുത്തവർ കുത്തക തുകയുടെ ഭൂരിഭാഗവും പിരിച്ചെടുത്തതിന് ശേഷമാണ് ലേലതുക നഗരസഭയിൽ അടവാക്കുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ലേലക്കാരൻ | ലേലത്തിനെടുത്ത പിരിവവകാശം | ലേലതുക അടവാക്കിയ ഗഡുക്കളുടെ എണ്ണം | ലേല തുക പൂർണ്ണമായും അടവാക്കിയ തീയതി |
|---|---|---|---|---|
| 1 | ശ്രീ.ഗോപാലൻ.എ.വി, അരീക്കാംപൊയിൽ,പേരാമ്പ്ര | ബസ്സ്റ്റാന്റ് പിരിവവകാശം | 6 | 19-02-2016 |
| 2 | ശ്രീ.ബാലകൃഷ്ണൻ ,പൂതകുറ്റികുനി,പെരുവട്ടൂർ | പരസ്യനികുതി പിരിവവകാശം | 3 | 15-01-2016 |
| 3 | ശ്രീ.റാസീഖ്,മാണിക്കോത്ത്, അരിക്കുളം | മത്സ്യമാർക്കറ്റ് ഫീ പിരിവവകാശം | 4 | 24-11-2015 |
| 4 | ശ്രീ.ശ്രീധരൻ,ഫിഷർമെൻ | മത്സ്യമാർക്കറ്റ്കംഫർട്ട് | 3 | 28-10-2015 |

| | | | | |
|---|---|---|---|---|
| | കോളനി,ചെറിയമങ്ങാട്. | സ്റ്റേഷൻ ഫീ പിരിവവകാശം | | |

ലേല തുക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്.മേൽ പരാമർശിച്ചവർക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.27/25.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല തുക കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ ഈടാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ്-അപേക്ഷാ രജിസ്റ്റർ അപൂർണ്ണം.

കൊയിലാണ്ടി നഗരസഭയിലെ 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു

1. അപേക്ഷാ രജിസ്റ്റർ അപൂർണ്ണമാണ്. മുൻ വർഷങ്ങളിലെ കെട്ടിടനിർമ്മാണ ലൈസൻസ് അപേക്ഷകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകൾ 2015-16 വർഷത്തെ രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല.ഇത് കാരണം 2015-16 ൽ പെർമിറ്റ് അനുവദിച്ച അപേക്ഷകളുടെയോ തീർപ്പാക്കാനവശേഷിക്കുന്ന അപേക്ഷകളുടെയോ എണ്ണം തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.
2. രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.തറവിസ്തീർണ്ണാനുപാതം,നിലകളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാന കോളങ്ങളിൽ പോലും രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.
3. പെർമിറ്റ് ഫീ ഇനത്തിൽ 2015-16 ലെ വരവിന്റെ സംക്ഷിപ്തം,സാക്ഷ്യപത്രം എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.
4. അപേക്ഷകൾ തീർപ്പാക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-7 നഞ്ച ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു.

കൊയിലാണ്ടി നഗരസഭയിലെ 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു.

നഞ്ച ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ച ശ്രീ.ബാബു.വലിയ ദേവസ്വംകുനി,കുറുവങ്ങാട് ( അപേക്ഷാ രജിസ്റ്റർ ക്രമ നം. 100,തപാൽ നം.5111/15),ശ്രീ.കൃഷ്ണൻകുട്ടി,താഴത്തെ വീട്ടിൽ ( അപേക്ഷാ രജിസ്റ്റർ ക്രമ നം. 345,തപാൽ നം.11007/15) എന്നിവർക്ക് കെട്ടിട നിർമ്മാണത്തിന് ലൈസൻസ് അനുവദിച്ചതായി കാണുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.45/25.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.നഞ്ചഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചട്ട വിരുദ്ധമായി പെർമിറ്റ് അനുവദിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 2-8 ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിലെ വീട് നിർമ്മാണം- 5 സെന്റ് ഭൂമിക്ക് ആനുപാതികമല്ലാത്ത കെട്ടിടനിർമ്മാണത്തിന് പെർമിറ്റ്.

കൊയിലാണ്ടി നഗരസഭയിലെ 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു.

ശ്രീ.അൻസാർ,നഹത്ത് മൻസിൽ,പെരുവട്ടൂർ ( അപേക്ഷാ രജിസ്റ്റർ ക്രമ നം. 348,തപാൽ നം 11017/15)ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ഗാർഹികാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നു. 5 സെന്റ് ഭൂമി മാത്രമേ വീട് നിർമ്മാണത്തിന് ഉപയോഗിക്കുകയുള്ളൂവെന്ന് അപേക്ഷകൻ സത്യവാങ്മൂലം

സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.എന്നാൽ പ്ലോട്ട് വിസ്തീർണ്ണം 5 സെന്റ് മാത്രമായി പരിമിതപ്പെടുത്തുമ്പോൾ ഭൂനിരപ്പ് അടിത്തറവിസ്തീർണ്ണം 156.06 ച.മീ ഉള്ള കെട്ടിടത്തിന്റെ വ്യാപ്തി 77 ശതമാനം കവിയും. ഗാർഹികാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അനുവദനീയമായ വ്യാപ്തിയുടെ പരിധി 65 ശതമാനമാണ്.മേൽ സാഹചര്യത്തിലും പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-9 കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ചട്ടവിരുദ്ധമായി നമ്പർ നൽകി. കെട്ടിടത്തിന്റെ തറവിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 233 ഉപവകുപ്പ് 2 എ ന്റെ കുറിപ്പ്,2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ തറവിസ്തീർണമെന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയിലുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ (ചുമർകനം ഉൾപ്പെടെ) വിസ്തീർണം എന്നും സെല്ലാർ നില ഉള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ് ഭാഗം ഒഴികെ) ആകെ വിസ്തീർണം എന്നാകുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 234 പ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിനും അനുബന്ധ കെട്ടിടത്തിനും കൂടി ഒരുമിച്ചാണ് നികുതി നിർണയിയിക്കേണ്ടത്. ഒരേ ഉടമസ്ഥന്റെ കീഴിലുള്ള കെട്ടിടമാണെങ്കിൽ തന്നെ വസ്തു നികുതി ചട്ടത്തിലെ ചട്ടം 3(5),4(1),9(2) എന്നീ ചട്ടങ്ങൾ (ലഘു വിശദാംശം താഴെ പട്ടികയിൽ നൽകുന്നു) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുകയാണെങ്കിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി നികുതി കണക്കാക്കാവുന്നതാണ്.

| മാനദണ്ഡം | ചട്ടം |
|---|---|
| കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(2) |
| വഴിസൗകര്യത്തിന്റെ ലഭ്യത | |
| മേൽക്കൂരയുടെ നിർമിതി | |
| കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| തറയുടെ നിർമിതി | |
| എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരേ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ | |
| പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) |
| വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |

| | |
|---|---|
| വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | ചട്ടങ്ങളിലെ ചട്ടം 3(5),4(1),9(2) |
| വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നഗരസഭയിൽ നികുതി നിർണയിക്കുന്നത്.

ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീ യിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ആറാം പട്ടിക (2013 ലെ വസ്തു നികുതി ഭേദഗതി ചട്ടം ( സ.ഉ (അച്ചടി) നം.100/2013/ത.സ്വ.ഭ.വ തീയതി 15.03.2013) പ്രകാരം ഭേദഗതി വരുത്തിയത്) അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർധനയും വരുത്താൻ സാധിക്കുന്നില്ല.

നഗര സഭയിലെ വിവിധ തരം കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ശ്ര മീറ്റർ തറവിസ്തീർണത്തിനു ബാധകമാവുന്ന വസ്തു നികുതി നിരക്കുകൾ 21.01.2011നു 25 ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ കെട്ടിടങ്ങൾക്ക് നമ്പറിട്ടു നൽകുന്ന സമയത്ത് ഭരണ സൗകര്യാർഥം ഒരേ ഉടമസ്ഥയിലുള്ള കെട്ടിടത്തിന്റെ ഒരേ ആവശ്യത്തിനുപയോഗിക്കുന്ന വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകിയിട്ടുണ്ട്.

ഇങ്ങനെ വ്യത്യസ്ത നമ്പറിട്ടു വെവ്വേറെ നികുതി കണക്കാക്കുന്ന സമയത്ത് കെട്ടിടത്തിന്റെ തറവിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി ഈടാക്കാതെ ഓരോ മുറിയുടെയും വിസ്തീർണത്തെ കെട്ടിടത്തിന്റെ ആകെ വിസ്തീർണമായി പരിഗണിച്ച് ആ ഭാഗത്തിന്റെ വിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിലാണ് നികുതി നിർണയിച്ച് ഈടാക്കുന്നത്. തന്മൂലം നഗരസഭക്ക് നഷ്ടം സംഭവിക്കുന്നു. 100 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിനു ബാധകമായ ച.മീറ്ററിനു 70 രൂപ നിരക്കിൽ നികുതി ഈടാക്കാതെ 100 ചതുരശ്ര മീറ്ററിനു താഴെ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിനു ബാധകമായ ചതുരശ്ര മീറ്ററിനു 50 നിരക്കിൽ 2015-16 ൽ നികുതി നിർണയിച്ചത് മൂലമുണ്ടായ നഷ്ടം ഉദാഹരണമായി നൽകുന്നു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കെട്ടിടമുടമയുടെ പേര് : തേവറോത്ത് അസൈനാർ | | | | | | | | |
| അടിസ്ഥാന നികുതിയിൻ മേൽ ബാധകമായ വർധനവ് : 20% | | | | | | | | |
| വാർഡ് നം : 28 | | | | | | | | |
| കെട്ടിട നം | വിസ്തീർണം | ച.മീറ്ററിനു 50 രൂപ നിരക്കിൽ ഈടാക്കിയ നികുതി (വിസ്തീർണം | ബഹുനില ഇളവ് (ഒന്നാം നില 5%,രണ്ടാം നില | ആകെ ഈടാക്കിയ നികുതി | ച.മീറ്ററിനു 70 രൂപ നിരക്കിൽ ബാധകമായ നികുതി (വിസ്തീർണം | ബഹുനില ഇളവ് (ഒന്നാം നില 5%,രണ്ടാം നില | ഈടാക്കേണ്ടിയിരുന്ന നികുതി | നഷ്ടം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | * 50*1.2) | 10%) | | * 70*1.2) | 10%) | | |
| 423 സി1 | 43.21 | 2594 | ഇല്ല | 2594 | 3630 | ഇല്ല | 3630 | 1036 |
| 423സി2 | 43.21 | 2594 | ഇല്ല | 2594 | 3630 | ഇല്ല | 3630 | 1036 |
| 423സി3 | 47.47 | 2850 | ഇല്ല | 2850 | 3988 | ഇല്ല | 3988 | 1138 |
| 423സി4 | 27.67 | 1662 | ഇല്ല | 1662 | 2324 | ഇല്ല | 2324 | 662 |
| 423സി5 | 97.41 | 5845 | ഇല്ല | 5845 | 8182 | ഇല്ല | 8182 | 2337 |
| 423സി6 | 38.24 | 2294 | ഇല്ല | 2294 | 3212 | ഇല്ല | 3212 | 918 |
| 423/സി7 | 27.81 | 1670 | ഇല്ല | 1670 | 2336 | ഇല്ല | 2336 | 666 |
| 423സി8 | 47.27 | 2836 | ഇല്ല | 2836 | 3971 | ഇല്ല | 3971 | 1135 |
| 423സി9 | 28.45 | 1708 | ഇല്ല | 1708 | 2390 | ഇല്ല | 2390 | 682 |
| 423സി10 | 28.45 | 1708 | ഇല്ല | 1708 | 2390 | ഇല്ല | 2390 | 682 |
| 423സി11 | 28.45 | 1708 | ഇല്ല | 1708 | 2390 | ഇല്ല | 2390 | 682 |
| 423സി12 | 28.45 | 1708 | ഇല്ല | 1708 | 2390 | ഇല്ല | 2390 | 682 |
| 423സി13 | 28.94 | 1738 | ഇല്ല | 1738 | 2431 | ഇല്ല | 2431 | 693 |
| 423സി14 | 56.40 | 3216 | ഇല്ല | 3216 | 4738 | ഇല്ല | 4738 | 1522 |
| 423സി15 | 56.40 | 3216 | ഇല്ല | 3216 | 4738 | ഇല്ല | 4738 | 1522 |
| 423സി16 | 89.33 | 5360 | 268 | 5092 | 7504 | 375 | 7129 | 2037 |
| 423സി17 | 89.33 | 5360 | 268 | 5092 | 7504 | 375 | 7129 | 2037 |
| 423സി18 | 89.33 | 5360 | 268 | 5092 | 7504 | 375 | 7129 | 2037 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 423സി19 | 84.88 | 5093 | 255 | 4838 | 7130 | 356 | 6774 | 1936 |
| 423സി20 | 84.88 | 5093 | 255 | 4838 | 7130 | 356 | 6774 | 1936 |
| 423സി21 | 84.88 | 5093 | 255 | 4838 | 7130 | 356 | 6774 | 1936 |
| 423സി22 | 84.88 | 5093 | 255 | 4838 | 7130 | 356 | 6774 | 1936 |
| 423സി23 | 84.88 | 5093 | 255 | 4838 | 7130 | 356 | 6774 | 1936 |
| 423സി24 | 62.15 | 3729 | 373 | 3358 | 5221 | 522 | 4699 | 1341 |
| 423സി25 | 62.15 | 3729 | 373 | 3358 | 5221 | 522 | 4699 | 1341 |
| 423സി26 | 95.41 | 5725 | 572 | 5154 | 8014 | 801 | 7213 | 2059 |
| 423സി27 | 95.41 | 5725 | 572 | 5154 | 8014 | 801 | 7213 | 2059 |
| 423സി28 | 95.41 | 5725 | 572 | 5154 | 8014 | 801 | 7213 | 2059 |
| 423സി29 | 91.10 | 5466 | 547 | 4920 | 7652 | 765 | 6887 | 1967 |
| 423സി30 | 91.10 | 5466 | 547 | 4920 | 7652 | 765 | 6887 | 1967 |
| 423സി31 | 91.10 | 5466 | 547 | 4920 | 7652 | 765 | 6887 | 1967 |
| 423സി32 | 91.10 | 5466 | 547 | 4920 | 7652 | 765 | 6887 | 1967 |
| 423സി33 | 91.10 | 5466 | 547 | 4920 | 7652 | 765 | 6887 | 1967 |
| ആകെ | 2186.25 | | | 123591 | | | 173469 | 49878 |

ചട്ട വിരുദ്ധമായി നമ്പർ നൽകിയിട്ടും റൂമിന്റെ വിസ്തീർണത്തിന ബാധകമാവുന്ന രീതിയിൽ നികുതി നിർണയിക്കാത്ത കെട്ടിടങ്ങളുമുണ്ട്. ഉദാഹരണം താഴെ നൽകുന്നു.

| കെട്ടിടമുടമയുടെ പേര് : പ്രീതി ജയൻ മുതൽ പേർ | | | | | | |
|---|---|---|---|---|---|---|
| അടിസ്ഥാന നികുതിയിൻ മേൽ ബാധകമായ വർധനവ് : 20% | | | | | | |
| കെട്ടിട നം : 27/201സി | | | | | | |
| വിസ്തീർണം : 153.56 ച.മീറ്റർ | | | | | | |
| ച.മീറ്ററിന 50 രൂപ നിരക്കിൽ ഈടാക്കിയ | ബഹുനില ഇളവ് (ഒന്നാം നില 5%) | ആകെ ഈടാക്കിയ നികുതി | ച.മീറ്ററിന 70 രൂപ നിരക്കിൽ ബാധകമായ | ബഹുനില ഇളവ് (ഒന്നാം നില 5%,) | ഈടാക്കേണ്ടിയിരുന്ന നികുതി | നഷ്ടം |

| | | | | | | |
|---|---|---|---|---|---|---|
| നികുതി (വിസ്തീർണം * 50*1.2) | | | നികുതി (വിസ്തീർണം * 70*1.2) | | | |
| 9214 | 461 | 8753 | 12900 | 645 | 12255 | 3502 |

കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ചട്ടത്തിനനുസൃതമായിമായി നമ്പർ നൽകി കെട്ടിടത്തിന്റെ തറവിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി ഈടാക്കാത്തതു കാരണം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർധനവ് വരുത്താൻ മറ്റു പാർപ്പിടേതര കെട്ടിടങ്ങളുടെ കാര്യത്തിലും സാധിക്കുന്നില്ല.

നികുതിയിനത്തിൽ നഷ്ടമായ 53380 രൂപയും 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതു മുതൽ നാളിതുവരെ നികുതി നിർണയിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സമാനമായ നഷ്ടം കണക്കാക്കി അതും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 വിറ്റു വരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല

പൊതു വിൽപന നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങളും , 30000/- രൂപയിൽ താഴെയല്ലാത്ത വിറ്റുവരവുള്ള രജിസ്റ്റർ ചെയ്യാത്ത കച്ചവട സ്ഥാപനങ്ങളും 2005 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം 1250 രൂപയാണ് അർധവാർഷിക തൊഴിൽ നികുതിയായി അടക്കേണ്ടത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ കാണിച്ചിട്ടുള്ള വിറ്റുവരവിനനുസരിച്ച് ഈടാക്കേണ്ടതിനേക്കാൾ വളരെ കുറച്ചാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ നൽകുന്നു

| സ്ഥാപനം/ഉടമ | അർധ വർഷ വിറ്റുവരവ് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|
| എം പി സുരേഷ് ബാബു- കാലിത്തീറ്റ | 45000 | 450 | 1250 |
| എം പി ട്രേഡേഴ്സ് - എം പി രാംദാസ് | 75000 | 750 | 1250 |
| കൈരളി എന്റർ പ്രൈസസ് - അബ്ദുൽ റഷീദ് | 10000 | 1000 | 1250 |
| സുശാന്ത് നാഷണൽ ഫാർമസി | 30000 | 300 | 1250 |
| പ്രമീള ടി എം - ഹിമാലയ ഫാർമസി | 18000 | 180 | 1250 |

2015-16 വർഷം നികുതി വിറ്റുവരവിനനുസരിച്ച് നികുതി ഈടാക്കാത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 വസ്തു നികുതി വരവ് - മറ്റ് അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റിലെ നഗരസഭാ വസ്തു നികുതിയെ സംബന്ധിച്ച് പരാമർശിക്കുന്ന 233 മുതൽ 244 വരെയുള്ള വകുപ്പുകൾ, 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, അനുബന്ധ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പല അപാകതകളും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. പരിഷ്കരണം നടപ്പിലാക്കിയില്ല.

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച്

കൊണ്ട് 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കേണ്ടിയിരുന്ന പുതുക്കിയ വസ്തുനികുതി 2016-17 സാമ്പത്തിക വർഷത്തിലും ഈടാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

2. ഒഴിഞ്ഞു കിടക്കുന്നത് മൂലമുള്ള ഇളവ് നൽകൽ

2015-16 ൽ നിരവധി കെട്ടിടങ്ങൾക്ക് വകുപ്പ് 239, 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒഴിഞ്ഞു കിടക്കുന്നത് മൂലമുള്ള ഇളവ് നൽകിയിട്ടുണ്ട്.

രജിസ്റ്റർ പ്രകാരം ആദ്യ അർധവർഷം 19 പേർക്കാണ് ഈ ഇനത്തിൽ ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇളവ് നൽകിയത് നിയമാനുസൃതമാണോയെന്ന പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രണ്ടാം അർധ വർഷം ഇളവ് നൽകപ്പെട്ട ചില കെട്ടിടങ്ങളുടെ അപേക്ഷകളും ഫയലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. എത്ര കെട്ടിടങ്ങൾക്ക് ഇളവ് നൽകി എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.

3. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണവും ഡി ആന്റ് ലൈസൻസ് എടുത്ത കെട്ടിടങ്ങളും തമ്മിൽ വൻ അന്തരം

നഗരസഭ സമർപ്പിച്ച രേഖകൾ പ്രകാരം എട്ടായിരത്തിലധികം കെട്ടിടങ്ങൾ പാർപ്പിടേതര ആവശ്യങ്ങൾക്കായി നിർമിച്ചവയാണ്. എന്നാൽ 2000ൽ പരം സ്ഥാപനങ്ങൾക്കേ ഡി ആന്റ് ഒ ലൈസൻസ് ഉള്ളൂ. ബാക്കി കെട്ടിടങ്ങളുടെ ഉപയോഗതരം മാറ്റിയോ അല്ലെങ്കിൽ അവയിൽ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല.

4. കണക്കിലെ പൊരുത്തക്കേടുകൾ

ഡിമാന്റ് രജിസ്റ്ററോ അനുബന്ധ രജിസ്റ്ററോ സൂക്ഷിക്കാത്തതിനാൽ നഗരസഭയിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ താഴെ നൽകുന്നു.

| | കിട്ടാനുള്ളത് | പിരിച്ചത് | കുടിശ്ശിക |
|---|---|---|---|
| വസ്തു നികുതി കുടിശ്ശിക | 24,27,574 | 24,52,106 | 22575 (ലൈബ്രറി സെസ് ഉൾപ്പെടെ) |
| തൻവർഷ വസ്തു നികുതി | 80,63,721 | 67,99,399 | 12,64,322 (ലൈബ്രറി സെസ് ഉൾപ്പെടെ) |
| ലൈബ്രറി സെസ് | 47106.50 | വിവരം ലഭ്യമല്ല | 47106.50 |

കുടിശ്ശികയിനത്തിൽ കിട്ടാനുള്ളതിനേക്കാൾ കൂടുതലാണ് പിരിച്ചിരിക്കുന്നത്. നഗരസഭയിൽ വസ്തു നികുതി ഡിമാന്റിൽ നിന്നും ചില നികുതി ദായകർ വിട്ടുപോയിട്ടുണ്ടെന്നാണ് ഇതു കാണിക്കുന്നത്. മാത്രവുമല്ല കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ മാന്വലായോ അല്ലാതെയോ തയ്യാറാക്കി സൂക്ഷിച്ചിട്ടുമില്ല.

തൻവർഷ വസ്തു നികുതിയിനത്തിൽ ലൈബ്രറി സെസ് കൂടാതെ തന്നെ 12,64,322 രൂപ പിരിക്കാനുണ്ടെങ്കിലും ലൈബ്രറി സെസ് ഉൾപ്പെടെ 1264322 രൂപ പിരിക്കാനുണ്ടെന്നാണ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്നത്.

നിയമപ്രകാരം വസ്തു നികുതിയുടെ 5 ശതമാനമാണ് ലൈബ്രറി സെസ്. 2014-15 വർഷാന്ത്യത്തിൽ വസ്തു നികുതിയിനത്തിൽ ആകെ പിരിച്ചെടുക്കാനുള്ളത് 2474681 രൂപയാണ്. ഇതിൽ ലൈബ്രറി സെസ് തുകയായ 47106.50 രൂപയും പെടും. എന്നാൽ 2015-16 വർഷാന്ത്യത്തിൽ 1286897രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഇതിലും ലൈബ്രറി സെസായി ഉൾപ്പെടുത്തിയിരിക്കുന്നത് 47106.50 രൂപയാണ്.

5. ചട്ടപ്രകാരമുള്ള രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല

2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം

നഗരസഭയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ടു സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളും രജിസ്റ്ററുകളുടെ ഘടന കാണിക്കുന്ന ഫോറം നമ്പറും അവ പരാമർശിക്കുന്ന ചട്ടവും താഴെ നൽകുന്നു.

| ക്രമ നം | രജിസ്റ്ററിന്റെ ഉപയോഗം | ചട്ടം | ഫോറം നം |
|---|---|---|---|
| 1 | വകുപ്പ് 235 പ്രകാരം നികുതി ഇളവ് നൽകപ്പെട്ടവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ | 30(5) | നിർദേശിക്കുന്നില്ല |
| 2 | വസ്തുനികുതി റിട്ടേൺ രജിസ്റ്റർ | 11 (4) | 3 |
| 3 | വസ്തു നികുതി നിർണയ രജിസ്റ്റർ | 12 (1) | 4 |
| 4 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ | 13 | 8 |
| 5 | നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിങ്ങളെ സംബന്ധിച്ച വിവരങ്ങൾ | 20 (1) | 10 |
| 6 | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്താനുള്ള രജിസ്റ്റർ | 21 (3) | 11 |

ക്രമ നം 3 , 6 എന്നിവ സംബന്ധിച്ചുള്ള രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ ചട്ടപ്രകാരമല്ലാത്തതും ആവശ്യമായ വിവരങ്ങൾ ഉൾകൊള്ളിക്കാത്തതുമാണ്.

6. 660 ച.അടിയിൽ താഴെ തറവിസ്തീർണമുള്ള വാസ ഗൃഹങ്ങൾക്ക് വസ്തു നികുതി ഇളവ് - അർഹത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

27.04.2015 ലെ സ.ഉ (കൈ) 144/15/ത.സ്വ.ഭ.വ , 16.12.2015 ലെ സ.ഉ (കൈ) 358/15/ത.സ്വ.ഭ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഒരാളുടെ ഉടമസ്ഥതയിലുള്ള 660ച.അടിയിൽ താഴെ തറ വിസ്തീർണമുള്ള സ്വന്തം താമസത്തിനുപയോഗിക്കുന്ന ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഇങ്ങനെ ഒഴിവാക്കി കൊടുക്കുമ്പോൾ കെട്ടിടമുടമയോട് 16.12.2015 ലെ സ.ഉ (കൈ) 358/15/ത.സ്വ.ഭ.വ നം ഉത്തരവിനനുബന്ധമായി നൽകിയ ഫോറം 1 ൽ സത്യവാങ്മൂലം എഴുതി വാങ്ങിക്കണമെന്നുണ്ട്.

2015-16 വർഷം ഇങ്ങനെയുള്ള നികുതി ഇളവ് നൽകിയിട്ടുണ്ടെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ എത്ര പേർക്ക് ഇളവ് നൽകിയെന്നുള്ള വിവരമോ. കെട്ടിടമുടമ സമർപ്പിച്ച സത്യവാങ്മൂലമോ ഓഡിറ്റിനു പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ ഉത്തരവിലെ ക്രമ നം 6 പ്രകാരം ഈ ഉത്തരവിനനുസരിച്ചിട്ടുള്ള മാറ്റങ്ങൾ 10 ദിവസത്തിനകം സഞ്ചയയിൽ വരുത്തണമെന്നു നിർദേശിക്കുന്നുണ്ട്. നഗരസഭയിലെ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽപറഞ്ഞ വിവരങ്ങളൊന്നും ലഭ്യമല്ല.

7. സോഫ്റ്റ് വെയറുകളിൽ നിന്നു ആവശ്യമായ വിവരങ്ങൾ ലഭ്യമാവുന്നില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന സഞ്ചയ,സാംഖ്യ എന്നീ സോഫ്റ്റ് വെയറുകളിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാകുന്നില്ല.

1. വിവിധ മാനദണ്ഡങ്ങൾ നല്കി അതിനനുസരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നില്ല.

ഉദാഹരണം : ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയവ

2. തൻവർഷം എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിക്കാനുണ്ട്.

3. തൻവർഷനികുതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചു.

4. ലൈബ്രറി സെസ് കൂടാതെ തൻവർഷ നികുതിയിനത്തിലും കുടിശ്ശികയിനത്തിലും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

5. കെട്ടിട നിർമാണം പൂർത്തിയായ തീയതിയോ പെർമിറ്റ് നമ്പറോ വ്യക്തമല്ല.

6. ഒരു ഉടമയുടെ പേര് നൽകി അയാളുടെ പേരിൽ എത്ര കെട്ടിടങ്ങളുണ്ടെന്നോ അതിന്റെ വിശദാംശങ്ങളും.
അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-12 വാടക വരവ് - ശ്രദ്ധയിൽ പെട്ട അപാകതകൾ

നഗരസഭയിൽ താഴെ പറയുന്ന ഇനങ്ങളിലാണ് 2015-16 വർഷം വാടക വരവ് ഉള്ളതെന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചത്.

1. പഴയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ മുറികൾ (രജിസ്റ്റർ പ്രകാരം 32 മുറികൾ)

2. കൊയിലാണ്ടി മാർക്കറ്റ്

3. സ്റ്റേഡിയം വാടക

4. കുടുംബശ്രീ വിപണന കേന്ദ്രം (ബൈലോ പ്രകാരം 24 മുറികൾ)

5. പുതിയ ബസ് സ്റ്റാന്റ് കെട്ടിടം (ബൈലോ പ്രകാരം 35 മുറികൾ)

6. പുതിയ ബസ് സ്റ്റാന്റ് പുതിയ കെട്ടിടം (ബൈലോ പ്രകാരം 14 മുറികൾ)

7. സാംസ്കാരിക നിലയം കെട്ടിടം (ബൈലോ പ്രകാരം 44 മുറികൾ)

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റിലെ 215 ാം വകുപ്പ്, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ വാടക വരവുമായി ബന്ധപ്പെട്ടു സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ,കരാറുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

1. അംഗീകാരമില്ലാത്ത ബൈലോകളുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നു

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 567 പ്രകാരം നഗരസഭാ കൗൺസിലിനു നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത രീതിയിൽ ബൈലോകൾ ഉണ്ടാക്കാനധികാരം ഉണ്ട്. നഗരസഭയിൽ താഴെ പറയുന്ന സംഗതികൾക്കായി ബൈലോ ഉണ്ടാക്കിയിട്ടുണ്ട്.

1. കുടുംബ ശ്രീ വിപണനകേന്ദ്രം വാടകയ്ക്ക് നൽകുവാൻ

2. പുതിയ ബസ് സ്റ്റാന്റ് കെട്ടിടം, പുതിയ ബസ് സ്റ്റാന്റ് അനക്സ് കെട്ടിടം എന്നിവയിലെ മുറികൾ വാടകയ്ക്ക് നൽകുവാൻ

3. നഗരസഭാ സാംസ്കാരിക നിലയം കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുവാൻ

4. കൊയിലാണ്ടി മാർക്കറ്റ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുവാൻ

5. പരസ്യ നികുതി പിരിക്കുവാൻ

ആക്റ്റിലെ വകുപ്പ് 572 ഉപവകുപ്പ് 1 പ്രകാരം ഏത് ബൈലോക്കും സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുകയില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയ മേൽ ബൈലോകൾക്കൊന്നും സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. ആക്റ്റിലെ വകുപ്പ് 574 പ്രകാരം ബൈലോകൾ നഗരസഭാ ഓഫീസിൽ വിൽപനക്ക് ലഭ്യമാക്കുവാൻ നിർദേശിക്കുന്നുണ്ട്. എന്നാൽ കൊയിലാണ്ടി മാർക്കറ്റ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുവാൻ തയ്യാറാക്കിയ ബൈലോ നഗരസഭയുടെ പക്കൽ പോലും ലഭ്യമല്ല.

2. കണക്കിലെ പൊരുത്തക്കേടുകൾ

രജിസ്റ്റർ പ്രകാരം വാടക സംബന്ധിയായ കണക്കുകൾ ഇപ്രകാരമാണ്.

| | ഡിമാന്റ് | വരവ് | കുടിശ്ശിക |
|---|---|---|---|
| കുടിശ്ശിക | 2085477 | 1902742 | 182735 |
| തൻവർഷം | 7869948 | 7183480 | 686468 |

| | | | |
|---|---|---|---|
| ആകെ | 9955425 | 9086222 | 869203 |

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയും പ്രകാരമാണ് കണക്കുകൾ

| തൻവർഷം | | | |
|---|---|---|---|
| | ഡിമാന്റ് | കലക്ഷൻ | കുടിശ്ശിക |
| ടൗൺ ഹാൾ വാടക | 4915 | 4915 | ഇല്ല |
| സ്റ്റേഡിയം വാടക | 19850 | 19850 | |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 7965480 | 7587219 (റെന്റ് ഫ്രം സിവിക് അമിനിറ്റീസ്) | 378261(റെന്റ് ഫ്രം സിവിക് അമിനിറ്റീസ്) |
| റെന്റ് ഫ്രം സിവിക് അമിനിറ്റീസ് | 11500 | 11500 (റെന്റ് ഫ്രം അതർ സിവിക് അമിനിറ്റീസ്) | ഇല്ല |
| സ്ഥല വാടക | 36020 | 36020 | ഇല്ല |
| ആകെ | 8038125 | 7659504 | 378261 |
| കുടിശ്ശിക | | | |
| | ഡിമാന്റ് | കലക്ഷൻ | കുടിശ്ശിക |
| റെന്റ് ഫ്രം സിവിക് അമിനിറ്റീസ് | 1587391 | 1377719 | 209672 |
| സ്ഥല വാടക | 24302 | 3733 | 20569 |
| ആകെ | 1611693 | 1381452 | 230241 |

രജിസ്റ്ററിലെ കണക്കും വാർഷിക ധനകാര്യ പത്രികയിലെ കണക്കും തമ്മിലെ വ്യത്യാസം താഴെ തന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

| | ഡിമാന്റ് | | വരവ് | | കുടിശ്ശിക | |
|---|---|---|---|---|---|---|
| | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക | രജിസ്റ്റർ | വാർഷിക ധനകാര്യ പത്രിക |

| | | | | | | |
|---|---|---|---|---|---|---|
| കുടിശ്ശിക | 2085477 | 1611693 | 1902742 | 1381452 | 182735 | 230241 |
| തൻവർഷം | 7869948 | 8038125 | 7183480 | 7659504 | 686468 | 378261 |

3. ലൈസൻസികളുമായി കരാർ വെക്കുന്നില്ല

വസ്തു കൈയൊഴിയുമ്പോൾ അതിന്റെ വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപ്പത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ് എന്നു വകുപ്പ് 215 ഉപവകുപ്പ് 3 പ്രകാരം നിർദേശിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ വസ്തു വാടക സ്വീകരിച്ച് കൈയൊഴിയുമ്പോൾ ലൈസൻസികളുമായി ചട്ടങ്ങളിൽ (ഫാറം 3) നിർദേശിച്ച കരാറുകൾ വെച്ചിട്ടില്ല.

4. വാടക വർധന വരുത്തുന്നതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല

ബൈലോകൾ പ്രകാരം നഗരസഭയുടെ കെട്ടിടങ്ങളുടെ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം ഓരോ നിലയിലുമുള്ള മുറികൾക്കെല്ലാം ഏകീകൃത നിരക്കിലാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 2015-16 വർഷം ഒരേ നിലയിലുള്ള മുറികൾക്കു തന്നെ വ്യത്യസ്ത നിരക്കാണ് ഈടാക്കിയിരിക്കുന്നത്. വ്യത്യസ്ത നിരക്ക് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഓരോ വർഷവും എത്ര ശതമാനമാണ് വാടക വർധനവ് വരുത്തുന്നതെന്നുള്ള വിവരം ലഭ്യമല്ലാത്തതിനാൽ വാടക വർധനവ് വരുത്തിയതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വാടക സ്വീകരിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല

നഗരസഭയുടെ ഉടമസ്ഥതയിൽ കൊടക്കാട്ടു മുറിയിൽ സ്ഥിതി ചെയ്യുന്ന കമ്യൂണിറ്റി ഹാൾ കെട്ടിടത്തിൽ നിന്നും വാടക പിരിച്ചതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. മറ്റ് അപാകതകൾ

1. തയ്യാറാക്കിയ ബൈലോകളിൽ പ്രാബല്യ തീയതി ചേർത്തിട്ടില്ല.

2. പുതിയ ബസ് സ്റ്റാന്റ് , പുതിയ ബസ് സ്റ്റാന്റ് അനക്സ് എന്നീ കെട്ടിടങ്ങളിൽ നിന്നു വാടക പിരിക്കാനായി തയ്യാറാക്കിയ ബൈലോയിൽ താഴത്തെ നിലയിലെ മുറികൾ മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ.

3. വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുള്ള മുറികളുടെ എണ്ണം, വരവിന്റെ ഡിമാന്റ് ,കലക്ഷൻ, കുടിശ്ശിക എന്നിവ വെവ്വേറെ രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

4. ഓരോ കെട്ടിടത്തിലും എത്ര മുറികളുണ്ടെന്നുള്ള കൃത്യമായ കണക്ക് ലഭ്യമല്ല.

5. വാർഷിക ധനകാര്യ പത്രികയിൽ ഷോപ്പിംഗ് കോംപ്ലക്സ്, സിവിക് അമിനിറ്റി വാടക എന്നിവ ഡിമാന്റ് ചെയ്തതും വരവ് രേഖപ്പെടുത്തിയതും വെവ്വേറെ തലക്കെട്ടുകൾക്ക് കീഴിലാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുമാണ്.

## 2-13 തൊഴിൽ നികുതി വരവ് - അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്ട് 245 ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ,റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

1. തൊഴിലാളി തൊഴിൽ നികുതി ഈടാക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി അടവാക്കിയിട്ടില്ല. ഇവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | സ്പെഷൽ തഹസിൽദാർ (എൽ എ ) |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ, കൊയിലാണ്ടി നഗരസഭ |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം അരിക്കുളം |
| 4 | പാർക്ക് റെസിഡൻസി (രണ്ടാം അർധ വർഷം) |
| 5 | ഹോട്ടൽ ന്യൂ പ്ലാസ |
| 6 | അക്ഷയ ചിട്ടി |
| 7 | ദാനേശ്വരി ചിട്ടി |
| 8 | സുന്ദരം ഫിനാൻസ് (രണ്ടാം അർധ വർഷം) |
| 9 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി |
| 10 | മർകസ് സ്കൂൾ |
| 11 | അറ്റ് ലസ് ജ്വല്ലറി |
| 12 | നിത്യ ലാബ് |
| 13 | അപ്പോളോ ലാബ് |
| 14 | അപ്പോളോ എക്സ് റേ |
| 15 | കൈരളി ലാബ് |
| 16 | ബി എഫ് സി ഫോറെക്സ് - ആദ്യ അർധ വർഷം |
| 17 | കാലികറ്റ് ഡിസ്ട്രിക്ട് ആർട്ടിസാൻ കോപറേറ്റിവ് സൊസൈറ്റി |
| 18 | കൊശമറ്റം ഫിനാൻസ് - രണ്ടാം അർധ വർഷം |
| 19 | ഐഡിയ സെല്ലുലാർ |
| 20 | വിസ്ഡം പബ്ലിക് സ്കൂൾ |

| | |
|---|---|
| 21 | എസ്സാറ്റോ ബിൽഡേഴ്സ് |
| 22 | കോപറേറ്റിവ് ഹോസ്പിറ്റൽ ആന്റ് മെഡിക്കൽ അക്കാദമി - രണ്ടാം അർധ വർഷം |
| 23 | പെട്രോൾ പമ്പ് കൊല്ലം |
| 24 | അരിക്കുളം കയർ കോപറേറ്റിവ് സൊസൈറ്റി |
| 25 | സുകന്യ ഡ്രൈവിംഗ് സ്കൂൾ |
| 26 | കൺസ്യൂമർ ഫെഡ് ലിക്വർ ഷോപ്പ് |
| 27 | കൊശമറ്റം ഫിനാൻസ് (രണ്ടാം അർധ വർഷം) |

3. ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരമല്ല

തൊഴിൽ നികുതി ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയാണ് ചെയ്തത്. വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കാലികമാക്കി ബന്ധപ്പെട്ട റിട്ടേണുകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. റിട്ടേണുകളുടെ സൂക്ഷിപ്പ്

വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.

5. ധനകാര്യ പത്രികയിലെ പൊരുത്തക്കേടുകൾ

തൊഴിൽ നികുതി സംബന്ധമായി വാർഷിക ധനകാര്യ പത്രികയിൽ നൽകിയ വിവരങ്ങളും അവയിലെ അപാകതകളും താഴെ പട്ടികയിൽ നൽകുന്നു.

| | കിട്ടാനുള്ളത് | തൻവർഷം പിരിച്ചത് | കുടിശ്ശിക | അപാകത |
|---|---|---|---|---|
| തൊഴിലാളി തൊഴിൽ നികുതി (തൻവർഷം) | 4602314 | 4490014 | 112300 | കുടിശ്ശികവിവരം ബാലൻസ്ഷീറ്റിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. |
| സ്ഥാപന തൊഴിൽ നികുതി (തൻവർഷം) | 1878490 | 1721138 | 157352 | വരവിനത്തിലെ 8360 രൂപ ഡിമാന്റ് ചെയ്യാതെയാണ് പിരിച്ചിരിക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | ബാലൻസ്ഷീറ്റിൽ കുടിശ്ശികയായി കാണിച്ചിരിക്കുന്നത് 158602 രൂപയാണ് |
| സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക (2014-15 ലെ വാ.ധ.പ പ്രകാരം) | 53849 | 196990 | 143141 | അധികം പിരിച്ച തുക എവിടെയും രേഖപ്പെടുത്തിയിട്ടില്ല. |
| | | | | ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ 645 രൂപ പിരിക്കാനുണ്ട്. |

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 158602/- രൂപയും ഇതിനു പുറമെ കണക്കുകൾ പ്രകാരം 112300 രൂപയും പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

6. <u>നികുതി ഡിമാന്റ് ചെയ്യുന്നില്ല</u>

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245-ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും , ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല.ഉദാഹരണങ്ങൾ താഴെ നൽകുന്നു.

എ ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച അർധവാർഷിക തൊഴിൽ നികുതി 1250/- രൂപയാണ്. എന്നാൽ ഈ ഗണത്തിൽ പെടുന്ന താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

1.നഗരസഭയുടെ സ്റ്റാന്റിംഗ് കോൺസൽ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ ഓഫീസായി ഉപയോഗിക്കുന്ന അഭിഭാഷകർ ഉൾപ്പെടെ കൊയിലാണ്ടി കോടതിയിൽ പ്രാക്റ്റീസ് നടത്തുന്ന അഭിഭാഷകർ

2. നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ

3. വിവിധ സഹകരണ സംഘങ്ങൾ

4. കരാറുകാർ

5. ചട്ടത്തിൽ സൂചിപ്പിച്ച വാഹന ഉടമസ്ഥർ

ബി. മുനിസിപ്പാലിറ്റിയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമസ്ഥർ ആരും തന്നെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (എസ്.ആർ. ഒ. നം. 539/2005 ) ചട്ടം 3 (2)(3) പ്രകാരം പൊതുവിൽപ്പന നികുതി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങൾക്ക് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കികാണുന്നില്ല.

7. <u>തൊഴിലാളി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല</u>

ധാരാളം പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പാരാ മെഡിക്കൽ രജിസ്റ്റർ, ട്യൂട്ടോറിയൽ രജിസ്റ്റർ എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | കൈരളി ലാബ് | 2 |
| 2. | നിത്യ ലാബ് | 3 |
| 3. | പ്രിയ മെഡിക്കൽ ലാബ് | 2 |
| 4. | നെസ്റ്റ് കൊയിലാണ്ടി | 5 |
| 5. | മലബാർ മൾട്ടി സ്പെഷാലിറ്റി സെന്റർ | 3 |
| 6. | ഗ്രാന്റ് പെരച്ചക്കുട്ടി കുരിക്കൾ മെമ്മോറിയൽ മർമ ചികിൽസാലയം | 7 |
| 7. | ശാന്തി ഫിസിയോ തെറാപ്പി | 7 |
| 8. | വെർടെക്സ് ഇൻഫോ ടെക് | 3 |
| 9 | ഇന്ത്യൻ വി ഹെൽപ് ഫാഷൻ ഡിസൈനിംഗ് | 2 |
| 10 | സരിക കമ്പ്യൂട്ടേഴ്സ് | 2 |
| 11 | ടാറ്റ ടെക്ക് | 3 |
| 12 | ഇൻഫിനിറ്റ് ഐ ടി കാമ്പസ് | 4 |
| 13 | കോളേജ് ഓഫ് കൊമേഴ്സ് | 3 |
| 14 | എൽ സി സി | 2 |
| 15 | യൂനിവേഴ്സൽ കോളേജ് | 40 |
| 16 | പ്രോം ടെക്ക് | 3 |

ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല.

1. ഔവർ കോളേജ്
2. ഏദൻ പബ്ലിക് സ്കൂൾ
3. ആധാരമെഴുത്തുകാർ
4. നോബ്ൾ ഫിസിയോ തെറാപ്പി

5. മുസ്തഫ ടി കെ യുടെ ഉടമസ്ഥതയിലുള്ള പാരലൽ കോളേജ്

6. ജയസൂര്യ കോച്ചിംഗ് സെന്റർ

7. നാഷണൽ കോച്ചിംഗ് സെന്റർ

8. ഡയരക്ഷൻ കോച്ചിംഗ് സെന്റർ

9. വൈറ്റ് പാലസ് ലോഡ്ജ്

10. മാണീസ് അവിൽ

11. ഗൈഡൻസ് കോളേജ്

12. പന്തലായനി മിൽക്ക് സപ്ലൈ കോപറേറ്റീവ് സൊസൈറ്റി

13. ഊരള്ളൂർ ക്ഷീരോൽപാദക സഹകരണ സംഘം

14. നടേരി ക്ഷീരോൽപാദക സഹകരണ സംഘം

15. കുറവങ്ങാട് ക്ഷീരോൽപാദക സഹകരണ സംഘം

12. കൊയിലാണ്ടി ആർട്സ് കോളേജ്

8. <u>സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല.</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 253, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 252 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3)(1) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ എത്ര സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം ഡിമാന്റ് രജിസ്റ്ററിന്റെ ആരംഭത്തിൽ ഒട്ടിച്ചുവെക്കുകയോ ചെയ്തിട്ടില്ല.

9. <u>റിട്ടേണുകൾ സമർപ്പിക്കുന്നില്ല.</u>

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2)(3),ചട്ടം 9 എന്നിവ പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് പല സ്ഥാപനങ്ങൾക്കും നൽകുകയോ രസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

ആയിരത്തി അഞ്ഞൂറിലധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയിലെ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി എന്ന വിവരം ലഭ്യമല്ല. 200 ൽ പരം സ്ഥാപനങ്ങളാണ് റിട്ടേൺ സമർപ്പിച്ചത് എന്നാണ് ബന്ധപ്പെട്ട ക്ലർക്ക് വിവരം നൽകിയത്. എന്നാൽ റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

10. <u>റിട്ടേൺ ആവശ്യപ്പെടുന്നില്ല.</u>

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും പാർപ്പിടേതര കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കുകയും വേണം

ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രധിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം.

എന്നാൽ ചട്ടം 5 പ്രകാരമുള്ള നോട്ടീസ് സെക്രട്ടറി നൽകിയിട്ടില്ല. ചട്ടം 6 പ്രകാരമുള്ള നോട്ടീസ് ചില

സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും ആരും ഫാറം 4 ൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല.

11. സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവ് ഈടാക്കുന്നു.

നഗരസഭ പരിധിയിൽ എത്ര സി ബി എസ് ഇ സ്കൂളുകളുണ്ടെന്നുള്ള വിവരം ലഭ്യമല്ല. നഗരസഭയിലെ താഴെ പറയുന്ന സി ബി എസ് ഇ സ്കൂളുകൾ (സി ബി എസ് ഇ സ്കൂളാണെന്നതിനുള്ള ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല) തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

1. അമൃത വിദ്യാലയം

2. മർകസ് പബ്ലിക് സ്കൂൾ

3. ഇലാഹിയ സ്കൂൾ

4. ഇന്ത്യൻ പബ്ലിക് സ്കൂൾ

5. വിസ്ഡം പബ്ലിക് സ്കൂൾ

1988ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷന്റെ (സി.ബി.എസ്.ഇ) അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത്, ഇന്ത്യയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ്. [അഫിലിയേഷൻ ബൈലോയിലെ ഖണ്ഡിക 3(v)കാണുക].

എന്നാൽ മേൽ സ്ഥാപനങ്ങളിലെ മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശംപളവും മറ്റാനുകൂല്യങ്ങളും ലഭ്യാമക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശംപളവും മറ്റാനുകൂല്യങ്ങളും മേൽ പറഞ്ഞ സ്കൂളിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ളത്. ഇത് നഗരസഭാ ഫണ്ടിനും നഷ്ടം വരുത്തിയിട്ടുണ്ട്. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുമില്ല.

12. റിട്ടേണുകളിൽ കാണിച്ച വേതനം മിനിമം വേതനത്തേക്കാൾ കുറവ്.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകളിൽ സർക്കാർ നിർദേശിച്ച മിനിമം വേതനം കാണിക്കുന്നില്ല.

| ക്രമ നം | സ്ഥാപനം | മിനിമം വേതനം നിശ്ചയിച്ച ഉത്തരവ് നമ്പരും തീയതിയും |
|---|---|---|
| 1 | 1.ഗുരുകലം കോളേജ്<br>2.ഐ സി എസ് സെക്കന്ററി സ്കൂൾ<br>3.ജേസീസ് മോണ്ടിസോറി സ്കൂൾ | സ.ഉ (കൈ) നം 36/11/പൊ വി<br>തീയതി 14.02.2011 |
| | 4.കോളേജ് ഓഫ് കൊമേഴ്സ്<br>5. ഇന്ത്യൻ പബ്ലിക് സ്കൂൾ<br>6.എം ജി കോളേജ് | സ.ഉ(അച്ചടി)നം. 155/2011/തൊഴിൽ<br>തീയതി 12.09.2011അധ്യാപകേതരം) |
| 2 | 1. നിത്യാനന്ദ ഹോസ്പിറ്റൽ<br>2. എം എം ഹോസ്പിറ്റൽ<br>3.ഡി.ഡി.ആർ.സി ഡയഗ്നോസ്റ്റിക്സ്<br>4.സകല്യ ഹോസ്പിറ്റൽ | സ.ഉ (അച്ചടി) നം. 133/2010/തൊഴിൽ<br>തീയതി 06.11.2010<br>(മെഡിക്കൽ ഷോപ്പ്) |

| | | |
|---|---|---|
| | 5.രാകേഷ് ഹോസ്പിറ്റൽ<br>6. നിത്യ ലാബ്<br>7.അപ്പോളോ ലാബ്<br>8.അപ്പോളോ എക്സ് റേ<br>9.കൈരളി ലാബ്<br>10.വി കെയർ ഹോമിയോ ക്ലിനിക്ക്<br>11.മലബാർ ഹോസ്പിറ്റൽ<br>12.അശ്വതി ഹോസ്പിറ്റൽ<br>13.എം എം സി എച്ച് | സ.ഉ (കൈ) നം 135/2013/തൊഴിൽ<br>തീയതി 05.11.2013<br><br>സ.ഉ (കൈ) നം 893/2013/തൊഴിൽ<br>തീയതി 23.05.13<br>(നഴ്സിംഗ് ട്രെയിനീസ്) |
| 3 | അമ്പാടി തീയേറ്റർ | സ.ഉ (കൈ) നം 139/2010/തൊഴിൽ<br>തീയതി 15.11.2010 |
| 4 | 1. കല്യാൺ റസിഡൻസി<br>2. പാർക്ക് റസിഡൻസി | സ.ഉ (അ) നം 180/2011/തൊഴിൽ<br>തീയതി 13.12.2011 |

13. <u>സ്ഥാപന നികുതി ഈടാക്കുന്നില്ല</u>

നഗരസഭയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല

1. കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം
2. കുറുവങ്ങാട് കയർ കോപ്പറേറ്റിവ് സൊസൈറ്റി
3. മുത്തൂറ്റ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്
4. മിനി മുത്തൂറ്റ്
5. എസാഫ് മൈക്രോ ഫിനാൻസ്
6. മുത്തൂറ്റ് മെർക്കന്റൈൽ ലിമി
7. മുത്തൂറ്റ് ഫിൻകോർപ്പ്
8. മേയന ചിട്ടി
9. അക്ഷയ ചിട്ടി
10. മാരുതി ചിട്ടി
11. ദാനശിൽപി ചിട്ടി
12. ദാനേശ്വരി ചിട്ടി
13. ഇന്റസ് ഇന്ത്യാ ഫിനാൻസ്
14. ചെമ്മണ്ണൂർ ജ്വല്ലേഴ്സ്
15. കോപറേറ്റിവ് അർബൻ സൊസൈറ്റി
16. മണപ്പുറം ഫിനാൻസിയേഴ്സ്

17. സുന്ദരം ഫിനാൻസ്
18. തെങ്ങിൽ ഏജൻസീസ്
19. പന്തലായനി വീവേഴ്സ് കോപറേറ്റിവ് സൊസൈറ്റി
20. ധനകോടി ചിറ്റ്സ്
21. ബി എഫ് ഫോറെക്സ് (ആദ്യ അർധ വർഷം)
22. ശ്രീ ഗോകുലം
23. യു.എ.ഇ എക്സ്ചേഞ്ച്
24. എൽ ഐ സി ശാഖ
25. കെ വി ആർ മോട്ടോഴ്സ്

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും മറ്റ് അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്.

## 2-14 പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങൾക്ക നികുതി ഇളവ് നൽകൽ - അപാകതകൾ

1. മുൻകാല പ്രാബല്യം നൽകി നികുതി ഒഴിവാക്കി

രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന നികുതി ദായകർക്ക് പട്ടികയിൽ കാണിച്ച വർഷങ്ങൾ മുതലാണ് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നത്. മുൻകാല പ്രാബല്യത്തോടെ നികുതി നൽകുവാൻ ഇടയായതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

| കെട്ടിട നം | ഉടമ | ആകെ നികുതി | അപേക്ഷാ തീയതി | നികുതിയിളവ് നൽകാനാരംഭിച്ച കാലയളവ് | ഭരണ സമിതി തീരുമാനം |
|---|---|---|---|---|---|
| 5/183 എ | ജനാർദനൻ | ചേർത്തിട്ടില്ല | ചേർത്തിട്ടില്ല | 2010-11 | ടി എഫ് ആർ 4/ 29.04.2015 |
| 16/168 | ഷഫീർ | | | 2012-13 | |
| 28/394 | ശാന്ത | | | 2013-14 | |
| 32/129 | ദേവി | | | 2013-14 | |
| 9/483 | മാണിക്യം | | | 2010-11 | ടി ആർ എഫ് നം 5/02.03.2016 |
| 11/333 | ടി കെ ചന്ദ്രൻ | | | 2010-11 | |
| 10/141 | വേലായുധൻ | | | 2012-13 | |
| 10/140 | വാസു | | | 2010-11 | |
| 15/73 | മമ്മദ് ഹാജി | | | 2012-13 | |
| 15/144 | നാരായണൻ നായർ മുതൽ പേർ | | | 2013-14 | |

| | | | | |
|---|---|---|---|---|
| 15/197 | മമ്മദ് | | 2012-13 | |
| 15/284 | അമ്മാളു | | 2013-14 | |
| 12/159 | ദേവി എൻ കെ | | 2012-13 | |
| 14/305 | ശങ്കരൻ | | 2013-14 | |
| 14/157 | സെബാസ്റ്റ്യൻ | | 2010-11 | |
| 16/365 | അബ്ദുള്ളക്കുട്ടി | | 2013-14 | |
| 7/267 | ശങ്കരൻ | | 2010-11 | |
| 32/283 | കട്ടുലി | | 2010-11 | |
| 32/220 | ചോയി | | 2010-11 | |

മേൽ പട്ടികയിൽ പരാമർശിച്ചവരുടെ അപേക്ഷകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആകെ 85 പേർക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നാൽ 15 പേരുടെ അപേക്ഷകളേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ.

2. രജിസ്റ്റർ പൂർണമല്ല

നഗരസഭയിൽ 2015-16 വർഷം ഭരണസമിതി യോഗം ചേർന്ന് പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി കൊടുത്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് തയ്യാറാക്കിയ രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതിയോ, ഇളവ് നൽകപ്പെട്ട നികുതിയുടെ വിശദാംശങ്ങളോ, ഏത് അർധ വർഷം മുതലാണ് ഇളവ് നൽകപ്പെട്ടത് എന്ന വിവരമോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ ക്രമത്തിൽ രേഖപ്പെടുത്തൽ നടത്തുന്നതിനു പകരം തീരുമാന ക്രമത്തിലാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്.

അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും മേൽ പട്ടികയിൽ വിവരങ്ങൾ ചേർക്കാത്ത കോളങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. (ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച-4.58കോടി രൂപ നഷ്ടപ്പെടുത്തി

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിലെ വീഴ്ച മൂലം വിവിധ ഗ്രാന്റിനങ്ങളിലായി 4.6കോടി രൂപ നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | നഷ്ടപ്പെട്ട തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 70853316 | 53368252 | 17485064 | 75.32 |

| | | | | | |
|---|---|---|---|---|---|
| 2 | പ്ലാൻ ഫണ്ട് SCP | 22401722 | 15562781 | 6838941 | 69.47 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 38493091 | 25303428 | 13189663 | 65.73 |
| 4 | ലോകബാങ്ക് ധനസഹായം | 11894860 | 9587506 | 2307354 | 80.6 |
| 6 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 21975491 | 17849300 | 4126191 | 81.22 |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 16502339 | 14662285 | 1840054 | 88.84 |
| ആകെ | | 182120819 | 150795837 | 45787267 | 82.7 |

ലഭ്യമായ ഗ്രാന്റുകളുടെ 82.7% വിനിയോഗിച്ചെങ്കിലും വിനിയോഗത്തിൽ പൂർണ്ണത കൈവരിക്കാത്തതിനാൽ 4.57കോടിയുടെ നീക്കിയിരിപ്പുതുക 15-16 വർഷാവസാനം ലാപ്സായിരിക്കുകയാണ്. നാളിതുവരെ മേൽ തുക സർക്കാർ തിരികെ നല്കിയിട്ടില്ലാത്തതിനാൽ ഫലത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണെന്നകാര്യം ശ്രദ്ധേയമാണ്.

ആകെ വകയിരുത്തിയ ഫണ്ടുകളുടെ കാര്യം പരിഗണിക്കുമ്പോൾ 294 പ്രൊജക്ടുകൾക്ക് വകയിരുത്തിയ 20.08 കോടിയുടെ 66% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് .ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 7.04 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു.സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയിൽ നിന്നുമാണ് ചെലവ് വളരെ കുറഞ്ഞതെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. അംഗീകാരം വാങ്ങിയ പ്രൊജക്ടുകളിൽ 31 എണ്ണം നിർവ്വഹിക്കാത്ത മുനിസിപ്പൽ എഞ്ചിനീയറും, ആകെ വിഭാവനം ചെയ്ത രണ്ട് പ്രൊജക്ടുകളും നിർവ്വഹിക്കാത്ത ഇൻസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറും ഇക്കാര്യത്തിൽ മുൻപന്തിയിലാണ്.

വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട വൻതുക നഷ്ടപ്പെടുത്തിയതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. അപാകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

## 3-2 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ,IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 20,27,86,177,181,192,223,258,297,എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള ഇനങ്ങൾ മാത്രവുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-3 റോഡ് പ്രവൃത്തികൾക്ക് ക്വാറി മക്ക് ഉപയോഗിച്ചത്- ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ ഇല്ല

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ പരിശോധനാവിധേയമാക്കിയ 17 പ്രൊജക്ടുകളുടെ കാര്യത്തിൽ റോഡിന്റെ സബ് ഗ്രേഡ് ബലപ്പെടുത്തുന്നതിനായി 15 സെ.മി. വരെയുള്ള വിവിധ കനങ്ങളിൽ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്.ഏകദേശം8.4ലക്ഷം രൂപ മേൽ പ്രവൃത്തികളുടെ കാര്യത്തിൽ ക്വാറി മക്ക് ഫില്ലിംഗിനായി വിനിയോഗിച്ചിട്ടുമുണ്ട്.റോഡ് പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്

26.9.16 ന് 718974/estt.D4/16/Fin നമ്പർ കത്ത് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി(ഫിനാൻസ്) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നല്കിയ ക്ലാരിഫിക്കേഷനിൽ ,നിലവിലുള്ള മണ്ണിനെ സ്റ്റബിലൈസ് ചെയ്യാനും,സബ് ഗ്രേഡിന്റെ CBR വാല്യൂ മെച്ചപ്പെടുത്താനും ക്വാറി മക്ക് ഉപയോഗപ്പെടുത്താമെന്നും,എന്നാൽ സബ് ബേസിന്റെ CBR വാല്യൂ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും, ക്വാറി മക്ക് ഉപയോഗിച്ചാൽ റോഡ് പ്രവൃത്തിയുടെ ആകെ ചെലവിൽ കുറവുണ്ടാകുമെന്നും തെളിയിക്കുന്ന ഡാറ്റാ ക്വാറിമക്ക് ഉപയോഗിക്കാനുള്ള ഏതൊരു പ്രൊപ്പോസലിനും സപ്പോർട്ടിംഗ് ഡോക്യുമെന്റായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിരുന്നു.എന്നാൽ ഇത്തരം യാതൊരു ഡാറ്റായും ഇല്ലാതെയും ക്വാറിമക്ക് ഉപയോഗിക്കേണ്ടി വരുന്നതിന്റെ ആവശ്യകത വ്യക്തമാക്കാതെയുമാണ് ക്വാറിമക്ക് ഉപയോഗിച്ചിരിക്കുന്നത്. നഗരസഭാഫണ്ടിൽ നിന്നും അനാവശ്യചെലവ് വരുമെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 ടാറിംഗിന് അധിക നിരക്ക് നൽകി

നഗരസഭ 2015-16 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതി: 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41000 രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതായി കാണുന്നു.ഇതുവഴി നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നം, എഗ്രിമെന്റ് തിയ്യതി, സാങ്കേതികാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് | മൂല്യനിർണയം ചെയ്ത തുക , അളവുപുസ്തകം, അവസാനബിൽതുക, കരാറുകാരൻ | ചെയ്ത പ്രവൃത്തി(ഇനം), ആവശ്യമായ ടാർ | നൽകിയ തുക(കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ) | നൽകാവുന്നത് | അധികം നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | കോറോത്ത് തട്ടാരിത്താഴ റോഡ്, 26/15-16, 06/12/15, 27/07/15, 600000 | 568140, 265/15-16, 568140(ബിൽ നം.145/15-16 തീ.19/3/16), കെ.പി.രാമകൃഷ്ണൻ | ടാക്ക്കോട്ട് 731.57കി.ഗ്രാം (ഇനം5)975.43ച.മീx .75കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 1404.62കി.ഗ്രാം (ഇനം.7) 975.43ച.മീ x.144ടൺ/100ച.മീ.<br>സീൽകോട്ട് 955.92കിഗ്രാം(ഇനം8) 975.43ച.മീ x 98കി.ഗ്രാം/100ച.മീ. | 3092.11 x41x1.3143 =166622 | 3092.11x 41= 126777 | 37729 (39845- 5.31% ടെണ്ടർ കുറവ്) |

| | | | | | | |
|---|---|---|---|---|---|---|
| 2 | അരീക്കണ്ടി അമ്പലം റോഡ്, 25/15-16, 18/12/15, 30/07/15, 600000 | 564264, 269/15-16, 564264 (ബിൽ നം. 155/15-16 തീ. 19/3/16) എസ് .സെൽവരാജ് | ടാക്ക്കോട്ട് 692.2കി.ഗ്രാം (ഇനം5)922.94ച.മീx .75കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 1329കി.ഗ്രാം (ഇനം.6) 922.94ച.മീx .144ടൺ/100ച.മീ.<br>സീൽകോട്ട് 904.48കിഗ്രാം(ഇനം7) 922.94ച.മീx 98കി.ഗ്രാം/100ച.മീ. | 2925.68 x41x1.3143 =157654 | 2925.68x 41=119953 | 37037 (37701- 1.76% കുറവ്) |
| 3 | ഐ.ടി.ഐ.അണേല റോഡ്, 254/15-16, 06/12/15, 12/11/15, 2500000 | 2202107, 234/15-16, 2202107, (ബിൽ നം.36/15-16തീ.31 /3/16) എം.ഗോവിന്ദൻ | ടാക്ക്കോട്ട് 1367.81കി.ഗ്രാം (ഇനം5)2735.62ച.മീx .5കി.ഗ്രാം/ച.മീ.<br>ചിപ്പിംഗ്കാർപ്പറ്റ് 4500.88കി.ഗ്രാം (ഇനം.7) 3125.61ച.മീ x .144ടൺ/100ച.മീ.<br>സീൽകോട്ട് 3063കിഗ്രാം(ഇനം8) 3125.61ച.മീ x98കി.ഗ്രാം/100ച.മീ. | 8930.81x 41x1.3143 =481248 | 8930.81x 41=366163 | 102034 (115085 - 11.34% കുറവ്) |

ആകെ അധികം നൽകിയത് =176800

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ഘടകസ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ് - യഥാസമയങ്ങളിൽ ബിൽ സമർപ്പിക്കുന്നില്ല

നഗരസഭയുടെ അധീനതയിലുള്ള കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലുകളുടെ ഒടുക്ക് പരിശോധിച്ചതിൽ ഘടക സ്ഥാപനങ്ങൾ അതാതു മാസത്തെ ബില്ലുകൾ തൊട്ടടുത്ത മാസം സമർപ്പിക്കാതെ മാസങ്ങൾ കഴിഞ്ഞുമാത്രം സമർപ്പിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തുക | ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|
| 103609 | 0096586 /തീ.15/3/16 | വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ(ബോയ്സ്) - 3/14മുതൽ 8/15 വരെയുള്ള വൈദ്യുതി ചാർജ് |
| 71250 | 0096585 /തീ.15/3/16 | ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ 8/15 മുതൽ 12/15 വരെയുള്ള വൈദ്യുതി ചാർജ് |

കണ്ടിജന്റ് ചെലവുകൾ ഘടക സ്ഥാപനങ്ങൾ താമസം കൂടാതെ സമർപ്പിക്കേണ്ടതാണ്.(കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ 3 ആർട്ടിക്കിൾ 40 (സി)(4) കാണുക).

## 3-6 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിയതിലെ അപാകതകൾ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ നഗരസഭ 2015-16വർഷം പ്രതിമാസം 161547 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് വിളക്കുകളൊഴികെയുള്ളവയുടെ വൈദ്യുതിചാർജാണിത്. ഹൈമാസ്റ്റ് വിളക്കുകൾക്ക് പ്രത്യേകം ചാർജ് ഒടുക്കുന്നുണ്ട്.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

നഗരസഭയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം,ഈടാക്കുന്ന താരിഫ് എന്നിവ സംബന്ധിച്ച രേഖകൾ എഴുതി സൂക്ഷിക്കുന്നില്ല.സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വൈദ്യുതിബോർഡ് അധികൃതരുമൊത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല.എത്ര ഹൈമാസ്റ്റ് വിളക്കുകൾ പ്രവർത്തിപ്പിക്കുന്നു എന്നതു സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക്ക് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12/3/13 ലെ 65529/ ഡി.സി.3നമ്പർ സർക്കുലർ കാണുക)

കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം,ഇനം, എന്നിവ കണക്കാക്കി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതുപ്രകാരമാണ് വൈദ്യുതിചാർജ് ഒടുക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 ഉദ്ഘാടനത്തിന് അധികം തുക ചെലവഴിച്ചു

ടൗൺഹാൾ ഉദ്ഘാടനത്തിന് ഓഡിറ്റ് വർഷം തനതുഫണ്ടിൽ നിന്ന് 3/11/2015 ലെ 525837 നമ്പർ ചെക്ക് പ്രകാരം 96400 രൂപയും കുട്ടികളുടെ പാർക്കിന്റെ ഉദ്ഘാടനത്തിന് 27/10/2015 ലെ 525827 നമ്പർ ചെക്ക് പ്രകാരം 24500 രൂപയും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പിന്റെ 28/12/2015 ലെ സ.ഉ (സാധാ) നം. 3866 / 2015തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചെലവിന് പരമാവധി 25000 രൂപയും അല്ലാതെയുള്ള ഉദ്ഘാടനത്തിന് പരമാവധി 10000 രൂപയും മാത്രമേ ചെലവഴിക്കാൻ അനുമതി നൽകിയിട്ടുള്ളൂ. പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.മന്ത്രിമാർ പങ്കെടുക്കാത്ത മേൽ ഉദ്ഘാടനചെലവുകൾക്ക് അധികം തുക ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-8 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ മുഴവൻ പ്രവൃത്തികളുടെയും കാര്യത്തിൽ, ബിൽ തുക നല്കുമ്പോൾ 4% നിരക്കിലാണ് വില്പന നികുതി ഇടാക്കിയത്.ഇത് കോമ്പൌണ്ട് ചെയ്യ നിരക്കായതിനാൽ നികുതി കോമ്പൌണ്ട് ചെയ്യതിന് വില്പന നികുതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം കരാറുകാർ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. വാർഷികചെലവ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 84271952/-രൂപയുടെ മരാമത്ത് പ്രവൃത്തികൾ നിർഹിച്ചിട്ടുണ്ട്. വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ മേൽ തുകയുടെ 1% തകയായ 842719-രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. 842719/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പകൽ വീട് നിർമ്മാണം-നിർവ്വഹണത്തിൽ അപാകത

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം. : 238/16

എസ്റ്റിമേറ്റ് തുക : 54 ലക്ഷം/- (പ്ലാൻ ഫണ്ട്& ലോകബാങ്ക് ധനസഹായം)

ആകെ മൂല്യം : 5216085/- രൂപ

അവസാനബിൽ തുക:1521000/- രൂപ ബിൽ നം. 92/14.1.16

കരാറുകാരൻ : കെ.പി.ഗണേശൻ

സാങ്കേതികാനുമതി നം: EE/LSGD/MP164/41/13-14 Dtd.11.11.13
(RE-EE/LSGD/RE/MP/KY/41/13-14 dtd.7.09.15)

കരാറുടമ്പടി നം :107/13-14 15.3.13

അളവു പുസ്തകം :360,362,363/13-14,110,109/14-15,145/15-16

വൃദ്ധജനങ്ങളുടെ ക്ഷേമം മുൻനിർത്തി നിർവ്വഹണം നടത്തിയ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 22.8.15 ലെ 23 നമ്പർ തീരുമാനപ്രകാരം പകൽ വീടിന്റെ നടത്തിപ്പ് വാർഡ് കൌൺസിലർ ചെയർമാനുംപെൻഷനേഴ്സ് യൂണിയൻ, സീനിയർ സിറ്റിസൺ ഫോറങ്ങൾ, കൌൺസിൽ നിർദ്ദേശിക്കുന്ന പ്രതിനിധികൾ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റിയെ ഏല്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യിട്ടുണ്ടോയെന്നും, വൃദ്ധജനങ്ങളുടെ ഉപയോഗത്തിനായി കെട്ടിടം തുറന്നുകൊടുത്തിട്ടുണ്ടോയെന്നും,ഉണ്ടെങ്കിൽ എപ്രകാരമാണ് ഇത് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

2. കെട്ടിടത്തന്റെ ഒന്നാം നിലയിൽ അംഗൻവാടി പ്രവർത്തിപ്പിക്കാനാണ് ഉദ്ദ്യേശിച്ചിരുന്നത്.ഇത് പ്രവർത്തനം ആരംഭിച്ചോയെന്ന് വ്യക്തമാക്കേണ്ടതാണ്.

3. കെട്ടടത്തിന് 137515/-രൂപ ചെലവഴിച്ച് വയറിംഗ് പ്രവൃത്തികൾ ചെയ്യിട്ടുണ്ട്.കെട്ടിടത്തന് കറന്റ് കണക്ഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

4. പ്രവൃത്തിയുടെ കരാർ 15.3 13ന് ചമച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അവസാന അളവ് ചെക്ക് മെഷർ ചെയ്യത് 30.9.15 നാണ്.(അളവെടുത്തതീയതി രേഖപ്പെടുത്തിയിട്ടില്ല) പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് കരാർ പ്രകാരം 31.3.15 ആണ്(199/14 നമ്പർ പ്രൊജക്റ്റ് പ്രകാരമുള്ള സമയക്രമം)കാലാവധി കഴിഞ്ഞ് 6 മാസക്കാലം പൂർത്തീകരണത്തിന് വിനിയോഗിച്ചെങ്കിലും നിയമാനുസൃത പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

5. പ്രവൃത്തിയുടെ ഇനം 14 ആയി കെട്ടിടത്തിന്റെ ചുമർ 1:4 അനുപാതത്തിൽ 12 cm കനത്തിൽ പ്ലാസ്റ്ററിംഗ് ചെയ്യതിന് 1039.9 $m^2$ പ്രവൃത്തിയ്ക്ക് 2202/രൂപ/10$m^2$ നിരക്കിൽ 228985.98 രൂപ നല്കിയിട്ടുണ്ട്.കൂടാതെ ഇനം 16 ആയി ചുമരിൽ ടൈൽ പതിച്ചതിന് 304.35 $m^2$ പ്രവൃത്തിയ്ക്ക് 1441രൂപ/$m^2$ നിരക്കിൽ 418610.5 രൂപയും നല്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് ,അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ,പ്ലാസ്റ്ററിംഗ് നടത്തിയ ചുമരിൽ തന്നെയാണ് ടൈൽ പതിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ടൈൽ പതിക്കുന്ന നിരക്കിൽ 1:3 അനുപാതത്തിൽ 12 cm കനത്തിൽ

പ്ലാസ്റ്ററിംഗ് ചെയ്യുന്നതിന് 1954.21 രൂപ/ $10m^2$ നിരക്കിലുള്ള തുക കൂടി ഉൾപ്പെട്ടതിനാൽ ചുമർ പ്ലാസ്റ്ററിംഗ് നടത്തിയ ഇനത്തിൽ വീണ്ടും തുക നല്കിയത് വിശദീകരിക്കപ്പെടേണ്ടതാണ്.304.35 $m^2$ അളവിൽ ടൈൽ പതിച്ചതിനാൽ ഇത്രയും അളവിൽ പ്ലാസ്റ്ററിംഗിനായി അനുവദിച്ച 67006.83 രൂപ(30.43x 2202) കരാറുകാരന് അധികം നല്കിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.ആകയാൽ ക്രമനം 5 പ്രകാരമുള്ള നഷ്ടം 67007/-രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിനല്കിയ എക്സി.എഞ്ചിനീയറിൽനിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ,ചെലവു തുകയിൽ മേല് തുക കഴിച്ചുള്ള 5149078/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 യാത്രാബത്ത നൽകിയതിലെ അപാകതകൾ

യാത്രാബത്ത നൽകിയതിലെ അപാകതകൾ

തൻവർഷം നൽകിയ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ ജീവനക്കാർ യാത്രാബത്ത കൈപ്പറ്റിയതായി കാണുന്നുണ്ട്. എന്നാൽ യാത്രാഡയറി സമർപ്പിച്ചതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ചെക്ക്നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 392721 / 28-1-16 | ₹ 2654 | ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ടി.കെ.മോഹനന് നൽകിയ ടി.എ. |
| 525822 /29/10/15 | ₹ 2658 | ശ്രീ.വി.പി.ഉണ്ണികൃഷ്ണൻ, സൂപ്രണ്ടിന് നൽകിയ ടി.എ. |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതാണ് .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.യാത്രാ ഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 പദ്ധതി ആസൂത്രണ – മോണിറ്ററിങ്ങ് - ചെലവുകൾക്ക് സബ് വൗച്ചറുകൾ ഇല്ല.

നിർവ്വഹണം - സെക്രട്ടറി

1. പ്രൊജക്റ്റ് നം 275/16

പ്രൊജക്റ്റ് പ്രകാരം 2015-16 വാർഷിക പദ്ധതികളുടെ ആസൂത്രണത്തിനും മോണിറ്ററിങ്ങിനുമായി 96950/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവു തുകകളുടെ സബ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം -

| വകയിരുത്തൽ | ചെലവ് വിവരം | | |
|---|---|---|---|
| | ബിൽ നം. | തുക | വിവരണം |
| 100000/-(ധന.കാ.കമ്മീഷൻ ഗ്രാന്റ് ) | 17/26/3/16 | 20340/- | വാർഡ് സഭകളിലേക്ക് പോസ്റ്റർ, ഫോറങ്ങൾ,എന്നിവ പ്രിന്റ് ചെയ്തതിന് Apple Offset കൊയിലാണ്ടി എന്ന സ്ഥാവനത്തിന് നല്കിയത് |
| | 45/31.3.16 | 44860/- | വർക്കിങ്ങ് ഗ്രൂപ്പ് പൊതുയോഗം വിളിച്ചത് - കൈരളി ഓഡിറ്റോറിയത്തിന് വാടക(15000/-), ഭക്ഷണം, ബാനർ എന്നിവയുള്ള ചെലവ്. |
| | 41/29.3.16 | 31750/- | വാർഡ് സഭ, അയൽ സഭ – നോട്ടീസുകൾ, പോസ്റ്ററുകൾ, മിനുട്സ് ബുക്ക് എന്നിവ പ്രിന്റ് ചെയ്തതിന് Apple Offset കൊയിലാണ്ടി എന്ന സ്ഥാപനത്തിന് നല്കിയത്. |
| | ആകെ | 96950/- | |

പോസ്റ്റർ, നോട്ടീസുകൾ, ഫോറങ്ങൾ, മിനുട്സ് ബുക്ക തുടങ്ങിയവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 96950/- രൂ.തടസ്സത്തിൽ വെക്കുന്നു.

## 3-12 മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ - മുഴുവൻ ഫർണിച്ചറും വിതരണം ചെയ്തില്ല.

നിർവ്വഹണം - ഫിഷറീസ് ഇൻസ്പെക്ടർ

1. പ്രൊജക്ട് നം 1/16

| വകയിരുത്തൽ | ചെലവ് | |
|---|---|---|
| | ബിൽ നം. | തുക |
| 8,00,000/-(വി.ഫണ്ട് എസ്.സി.പി) | 1/29/3/16<br>2/31.3.16 | 6,13,254/-<br>3426/-<br>ആകെ 6,16680/- |

പ്രൊജക്ട് പ്രകാരം 180 വിദ്യാർത്ഥകൾക്കായി FIDCO എന്റർപ്രൈസസ് ഒളവണ്ണയുടെ ഇൻവോയ്സ് നം. 224/14.3.16, 233/26.3.16പ്രകാരം ഒരു മേശയ്ക്ക് വാറ്റടക്കം 2232.75 രൂപ കസേരയ്ക്ക് 1192.25 രൂപ നിരക്കിലുള്ള ഫർണിച്ചറുകളാണ് വാങ്ങിയത്. വിതരണ റജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്ത വിദ്യാർത്ഥികളോ രക്ഷിതാക്കളോ ഫർണിച്ചർ കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | രക്ഷിതാവിന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് | സ്കൂൾ |
|---|---|---|---|---|
| 1 | രമേശൻ കെ.വി | നിമിഷ | X | ജി.എം.വി.എച്ച്.എസ്.എസ് കൊയിലാണ്ടി |
| 2 | മണി, മണ്ണുവളപ്പിൽ | ശ്രുതി | IX | എച്ച്.എസ്.എസ് പൊയിൽകാവ് |
| 3 | മുകേഷ്. കെ. കെ, ചാലിൽ പറമ്പിൽ | സാനിയോ | IX | എച്ച്.എസ്.എസ് തിരുവങ്ങൂർ |
| 4 | സുധൻ. വി. കെ, വട്ടക്കുന്നത്ത് | ആദർശ്.സി.കെ | X | ജി.വിഎച്ച്.എസ്.എസ് കൊയിലാണ്ടി |
| 5 | നിസാർ. സി. കെ, നൂറുൽ ഹിദായ | മുഹമ്മമദ്. നിഷാം | +1 | ജി.വി.എച്ച്.എസ്.എസ് കൊയിലാണ്ടി |

വിതരണം ചെയ്യാത്ത ഫർണിച്ചറുകൾ വരകുന്നുമ്മൽ ഉള്ള നഗരസഭാ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഓഡിറ്റിൽ വിശദീകരിക്കുകയുണ്ടായി. വാർഡുസഭകൾ തെരഞ്ഞെടുത്ത മേൽചേർത്ത അർഹരായ വിദ്യാർത്ഥികൾക്കായി വാങ്ങിയ (2233 + 1193 x 5 = 17130/- രൂപ വിലയുള്ളത്) ഫർണിച്ചറുകൾ നാളിതുവരെയായിട്ടും വിതരണം ചെയ്യാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ചെലവുതുക ഉത്തരവാദിയായ ഫിഷറീസ് ഇൻസ്പെക്ടറിൽ നിന്നും നിയമാനുസൃത പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവു തുക 17130/- രൂ. തടസ്സത്തിൽ വെക്കുന്നു.

## 3-13 വിനിയോഗ സാക്ഷ്യപത്രം/ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല

2015 -16 വർഷം വിവിധ പ്രൊജക്ടുകൾ പ്രകാരം നല്കിയ താഴെ ചേർത്ത തുകയുടെ വിനിയോഗ വിവരം /കൈപ്പറ്റു രശീതി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. | ചെലവ് വിവരം | തുക | ബിൽ നം. | അഭിപ്രായം |
|---|---|---|---|---|---|
| 1 | 340/16 | 18.12.15 ലെ സ.ഉ(സാധാ) നം.3784/2015/തസ്വഭവ പ്രകാരം കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നല്കിയത് | 50000/- | 40/29.3.16 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| | | ആകെ | 50000/- | | |

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 50000/- രൂ. തടസ്സത്തിൽ വെക്കുന്നു.

## 3-14 പോളിങ്ങ് സ്റ്റേഷനുകളിൽ റാമ്പ്, അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയത് - വികസന ഫണ്ട് അധിക തുക പിൻവലിച്ചത് തിരിച്ചടച്ചില്ല.

നിർവ്വഹണം - സെക്രട്ടറി

1. പ്രൊജക്റ്റ് നം 344/16

| വകയിരുത്തൽ | ചെലവ് | |
|---|---|---|
| | ബിൽ നം. | തുക |
| | 49/31.3.16 | 2,94000/- |

29.3.16 ലെ ജി.ഓ( ആർ.ടി)നം. 1345/2016/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മെയ് 2016 ലെ അസംബ്ലി തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിങ്ങ് സ്റ്റേഷനുകളിൽ റാമ്പ്, അനുബന്ധ സൗകര്യങ്ങൾ ഒരുക്കി 31.3.2016 നകം റിപ്പോർട്ട് നല്കുനനതിന് ഉത്തരവായി.ആയതുപ്രകാരം കൊയിലാണ്ടി അസംബ്ലി നിയോജകമണ്ഡലത്തിലെ 21 പോളിങ്ങ് സ്റ്റേഷനുകളിൽ റാമ്പ് സ്ഥാപിക്കുന്നതിന് 14000/- രൂ. വീതം ആകെ 294000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യം 281620/- രൂപയാണ്. (എം.ബുക്ക് നം. 293/15-16 പേജ് 37) . കരാറുകാരനായ എസ്.ശെൽവരാജിന് നികുതികൾ16954/-രൂപ, സെക്യൂരിറ്റി ഡെപ്പോസിറ്റ് 7041/- രൂ. കഴിച്ച് 257625/- രൂ. ചെക്ക് നം. 48491/17.6.16 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ വകയിരുത്തിയ മുഴവൻ തുകയും (2,94,000/-) ട്രഷറിയിൽ നിന്നും പിൻവലിച്ചത് പ്രകാരം 12,380/- രൂ. (294,000 - 281620)അധികമായി പിൻവലിച്ചിട്ടുണ്ട്. ജി.ഓ.(പി)177/2006/ധനം തീയ്യതി 12.4.2006 പ്രകാരം അധികമായി പിൻവലിച്ച വികസന ഫണ്ട് സംസ്ഥാന പബ്ലിക് അക്കൗണ്ടിലേക്ക് ചലാൻ പ്രകാരം തിരിച്ചടക്കേണ്ടതാണ്. ആയതിനാൽ തുക തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 12380 രൂപ തടസ്സം ചെയ്യുന്നു.

## 3-15 സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം -തനത് ഫണ്ടിനു പകരം മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചത് സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധം

| | |
|---|---|
| പ്രൊജക്റ്റ് നം./പേര് | 85/16 കേരള വാട്ടർ അതോറിറ്റിക്കുള്ള നഗരസഭാ വിഹിതം |
| അടങ്കൽ | 1876392/-( സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| | ചെലവ് വിവരം |

| | | |
|---|---|---|
| | ട്രഷറി ബിൽ നം. | തുക |
| | 4/31.7.15 | 567648/- |
| | 8/21.8.15 | 141912/- |
| | 18/29.9.15 | 145854/- |
| | 19/15.10.15 | 145854/- |
| | 22/30.11.15 | 145854/- |
| | 25/29.1.16 | 146511/- |
| | 29/18.3.16 | 146511/- |
| | 30/18.3.16 | 146511/- |
| | 42/29.3.16 | 146511/- |
| | ആകെ | 1733166/- |

പ്രൊജക്റ്റ് പ്രകാരം 2015 ഏപ്രിൽ മുതൽ 2016മാർച്ച് വരെയുള്ള തെരുവ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനാണ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 1733166/- രൂപ ചെലവഴിച്ചത്. 16.11.2013 ലെ സ.ഉ(എം.എസ്) നം. 362/2013/തസ്വഭവ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7 പ്രകാരം തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ പൊതു ചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടിവരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകളായ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ എന്നിവ അടയ്ക്കൽ തുടങ്ങിയ ചെലവുകൾക്കാവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം ബാക്കിയുള്ള തനത് ഫണ്ട് തുകയായിരിക്കണം പ്രൊജക്റ്റുകൾക്കായി വകയിരുത്തേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. 10.1.16ലെ 44485/ബി-3/95/തസ്വഭവ സർക്കുലർ പ്രകാരം വാട്ടർഅതോറിറ്റിക്കുള്ള വെള്ളക്കരം അടക്കാനുള്ള തുക ബജറ്റിൽ വകയിരുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നു. നഗരസഭയുടെ 2015 – 16 വാർഷിക കണക്ക് പ്രകാരം തനത് ഫണ്ട് ഇനത്തിൽ മുൻബാക്കിയുണ്ട്. ആയതിനാൽ തന്നെ, 16.11.2013 ലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം, തൻവർഷത്തെ തെരുവ് വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് തനത് ഫണ്ട് ഉപയോഗിക്കേണ്ടതായിരുന്നു. ആയതിനു പകരം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചെലവ് ചെയ്തത് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധവും വകമാറ്റി ചെലവഴിക്കലുമാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ചെലവ് തുക 1733166/- രൂ. തടസ്സത്തിൽ വെക്കുന്നു.

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 80/16 |
| അടങ്കൽ | 1387200/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 768000/-(ട്രഷറി നം. 36/29.3.16) |

പ്രൊജക്റ്റ് പ്രകാരം നഗരസഭാ പരിധിയിലെ പ്രൊഫഷണൽ/പി.ജി കോഴ്സുകളിൽ പഠിക്കുന്ന 32 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. 1.2.16 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം കെൽട്രോൺ, സിഡ്കോ, കെ.എസ്.ഐ.ഇ ലിമി., ഇൻഡസ് ഇ മാർക്കറ്റ് എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു.

കുറഞ്ഞ വില ക്വാട്ട് ചെയ്ത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായുള്ള നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ 26.2.16 ലെ 80/15-16 നം. പ്രകാരം സപ്ലൈ ഓർഡർ നല്കി. കെ.എസ്.ഇ.ഐ യുടെ 394/3.3.16 നം. ഇൻവോയ്സ് പ്രകാരം ACER , Intel Quad Core Processer,4 GB RAM, 500GB-HDD, DVD Writer, 15" Screen, Bluetooth,Wifi, Cary Bag സ്പെസിഫിക്കേഷനുള്ള 32 ലാപ് ടോപ്പുകൾ ലഭ്യമാക്കുകയും ആയത്32 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. പ്രൊജക്റ്റ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച് 8.11.2010 ലെ ജി.ഒ(പി)259/2010/തസ്വഭവ ഉത്തരവ് പ്രകാരം ഒരുലക്ഷം രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള പർച്ചേസുകൾക്ക് ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും ടെണ്ടർപരസ്യം ചെയ്യേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. എന്നാൽ ആയതിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേസ് നടത്തുകയാണ് ചെയ്തത്.

2. ലഭ്യമാക്കേണ്ട ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷനുകൾ ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ സമർപ്പിച്ച നാല് സ്ഥാപനങ്ങളും വ്യത്യസ്ഥ സ്പെസിഫിക്കേഷനോടുകൂടിയ ലാപ് ടോപ്പുകളുടെ വിലയാണ് ക്വോട്ട് ചെയ്തത്. ആയതിനാൽ തന്നെ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെയും ഇനത്തെയും തെരഞ്ഞെടുത്തതിൻ അപാകതയുണ്ട്.

3. 32 ഗുണഭോക്താക്കളിൽ ശ്രീ ആദർശ്. വി, മാലതി നിവാസ് എന്നയാൾ മാത്രമെ പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളു.

4. ലാപ് ടോപ്പുകൾ വിതരണം നടത്തിയത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ ഓരോ ഗുണഭോക്താവും 'കൈപ്പറ്റി' എന്ന് മാത്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ലാപ് ടോപ്പ് തന്നെ വിതരണം ചെയ്തു എന്ന് റജിസ്റ്റർ പ്രകാരം ഉറപ്പാക്കാൻ കഴിയില്ല.അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 768000/- തടസ്സത്തിൽ വെക്കുന്നു.

## 3-17 കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുതുക – വ്യക്തമായ വിവരം ഇല്ല.

കൃഷി ഓഫീസർ, കൃഷി ഭവൻ, കൊയിലാണ്ടിയുടെ പേരിൽ ഫെഡറൽ ബാങ്ക് കൊയിലാണ്ടി ശാഖയിൽ 22.3.13ൽ ആരംഭിച്ച എസ്.ബി അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 14070100162343) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 18.1.17ൽ 29218/- രൂപ നീക്കിയിരിപ്പുണ്ട്. നഗരസഭയുടെ വിവിധ പ്രൊജക്റ്റുകൾ പ്രകാരമുള്ള വ്യക്തിഗത സബ്സിഡി ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ ഇ – പേയ്മെന്റ് വഴി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനായി ആരംഭിച്ചതാണ് പ്രസ്തുത അക്കൗണ്ട്.കൃഷി ഓഫീസറുടെ പേരിലുള്ള ഈ അക്കൗണ്ടിലെ വിവരങ്ങൾ നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിലെ നീക്കിയിരിപ്പുതുക സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. മുൻവർഷങ്ങളിൽ വിതരണം ചെയ്യപ്പെടാത്ത സബ്സിഡി തുകയാണെങ്കിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നല്കി

പന്ത്രണ്ടാം പഞ്ചവത്സര കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ട പ്രൊജക്റ്റുകളുടെ ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും സംബന്ധിച്ച പരിഷ്കരിച്ച് ഉത്തരവ് 16.11.2013 ലെ സ.ഉ(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭയൽ പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് തുക | വൗച്ചർ /ബിൽ നം. | ലംഘനത്തിന്റെ സ്വഭാവം |
|---|---|---|---|---|---|---|
| 1 | 57/16 | കൃഷി ഓഫീസർ | 204000/- (വി.ഫണ്ട് 102000 + ഉ.വിഹിതം 102000) | 58090/- (വി.ഫണ്ട്) | J13/31.3.16 | സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക3-1(7) പ്രകാരം ജലസേചന പമ്പ് സെറ്റിന് ഒരു കുടുംബത്തിന് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നല്കാവുന്ന പരമാവധി സബ്സിഡി യായ 5000/- രൂപയിൽ കൂടുതൽ നല്കി. അധികമായി നല്കിയ തുക 5650/- രൂപ. പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച വിശദ വിവരം പട്ടികയ്ക്ക് താഴെ ചേർക്കുന്നു. |
| 2 | 287/16 | പട്ടികജാതി വികസന ഓഫീസർ | 650000/-(വി.ഫണ്ട്) | 325000/-<br>150000/-<br>75000/-<br>37500/-<br>62500/-<br>---------<br>650000/- | 16/12.1.16<br>25/2.3.16<br>30/18.3.16<br>40/31.3.16<br>38/29.3.16 | 1. സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 3-6(5) പ്രകാരം എൽ.എസ്.ജി.ഡി എൻജിനീയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നല്കേണ്ടത്.<br>2. നഗരസഭയുമായി കരാറിലേർപ്പെട്ട ശേഷമായിരിക്കണം 50% മുൻകൂർ തുക നല്കേണ്ടത്. എന്നാൽ മേൽചേർത്ത നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സബ്സിഡി നല്കി . വിശദവിവരം പട്ടികയ്ക്ക താഴെ ചേർക്കുന്നു. |
| 3 | 81/16 | ടി | 3000000/-(വി.ഫണ്ട്) | 150000/-<br>60000/-<br>270000/-<br>180000/-<br>60000/-<br>60000/-<br>------------ | 28/2.3.16<br>31/10.3.16<br>33/23.3.16<br>42/31.3.16<br>44/31.3.16<br>41/31.3.16 | (മാർഗ്ഗ രേഖ ഖണ്ഡിക 3.6(1)നിർമ്മിക്കുന്നവീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് തെരെഞ്ഞെ ടുക്കപ്പെട്ട ഗുണ ഭോക്താക്കൾ കരാർവെക്കണം. കരാറിലേർപ്പെടാത്തവർക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | | | | 780000/- | | വീട് നിർമ്മാണ ത്തിന് ആനുകൂല്യം നല്കി. വിശദവിവരം പട്ടികയ്ക്ക് താഴെ ചേർക്കുന്നു |
| 4 | 1/16 | ഫിഷറീസ് ഇൻസ്പെക്ടർ | 800000/-(വി.ഫണ്ട്) | 613254/-<br>3426/-<br>-----------<br>616680/- | 1/29.3.16<br>2/31.3.16 | 1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3-4(7) - വിദ്യാർത്ഥി കൾക്ക് ഒരിക്കൽ മാത്രമെ ആനുകൂല്യ ത്തിന് അർഹതയുള്ളൂ. ആയത് വ്യക്തമാക്കുന്ന തിന് നിർവ്വഹണോ ദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തിയതിന് രേഖയില്ല.<br>2. വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ള മത്സ്യ തൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥി കൾക്കാണ് അർഹത. ആയതിന് രേഖയില്ല.<br>3.സ്കൂൾഅധികൃതർ മുഖേനയായിരിക്കണം ഫർണിച്ചർ വിതരണം ചെയ്യേണ്ടതെന്ന നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെട്ടില്ല. അപാകതയുടെ വിശദാംശം പട്ടികയുടെ ചുവടെ ചേർത്തിട്ടുണ്ട്. |
| 5 | 74/16 | വെറ്ററിനറി | 437500/- (വി.ഫണ്ട്) | 158151/- | 1/29.3.16 | സബ്സിഡി മാർഗ്ഗരേഖ - |

| | | | | | | |
|---|---|---|---|---|---|---|
| | | സർജൻ | | | | ഖണ്ഡിക 3-2(10) പ്രകാരമുള്ള നിരക്കിനേക്കാൾ കുറഞ്ഞ തുക ക്ഷീര കർഷകർക്ക് ഇൻസെന്റീവായി നല്കി. വിശദവിവരം പട്ടികയ്ക്ക് ചുവടെ ചേർക്കുന്നു. |
| 6 | 144/16 | പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര ലഘൂകരണം | 1725000/- (വികസനഫണ്ട്) | 1387500/- | 1-ബിൽ നം -3/16-9-15 -100000/-<br>2-ബിൽ നം -8/16-9-15 -462500/-<br>3-ബിൽ നം- 4/16-9-15 -87500/-<br>4-ബിൽ നം- 10/15-10-15 തുക -150000/-<br>5-ബിൽ നം- 13/17-10-15 തുക-187500/-<br>6-ബിൽ നം- 18/5-1-16 തുക-162500/-<br>7-ബിൽ നം- 21/20-1-16 തുക-62500/-<br>8-ബിൽ നം- 24/2-2-16 തുക-25000/-<br>9-ബിൽ നം- 25/20-2-16 തുക -50000/-<br>10-ബിൽ നം- 31/18-3-16 തുക -37500/-<br>11-ബിൽ നം- 34/31-3-16 തുക-62500/- | സ.ഉ .(എം.എസ്) നമ്പർ 362/2013 / ത.സ്വ.ഭ.വ തീയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 3.6.5 പ്രകാരം വീട് പുനരുദ്ധാരണ പദ്ധതികളിൽ എൽ.എസ്.ജി.ഡി എൻഞ്ചിനീയർ അളവ് രേഖപ്പെടുത്തിയതിന് ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത് . പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻപേർക്കും പ്രവർത്തി സംബന്ധിച്ച് എ.ഇയുടെ വാലുേഷൻ അടിസ്ഥാനത്തിലല്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 7 | 78/16 | പ്രിൻസിപ്പാൾ ഗവ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ | 600000/- (വികസനഫണ്ട്) | 539851/ | ബിൽ നം- 3/28-3-16 -119851/- രൂപ , ബിൽ നം- 6/28-3-16 -420000/- രൂപ, | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി |

എ. ക്രമ നം 1. വിശദവിവരം

ജലസേചനത്തിന് പമ്പ് സെറ്റ് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികതുക നല്കി.

| | |
|---|---|
| പ്രൊജ.നം. | 57/16 |
| അടങ്കൽ | 102000/-(വി.ഫണ്ട്)<br>102000/-(ഗ്ര.വിഹിതം) |
| ചെലവ് | 58090/-(ട്രഷറി നം. J13/31.3.16) |

പ്രൊജക്റ്റ് പ്രകാരം ആകെ 11 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയിട്ടുണ്ട്. 16.11.13 ലെ സ.ഉ(എം.എസ്)നം. 362/2013 തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക3-1(7)പ്രകാരം യൂണിറ്റ് കോസ്റ്റ് കൃഷിവകുപ്പ് ജില്ലാതല ഓഫീസർ നിശ്ചയിക്കേണ്ടതാണെന്നും 50% സബ്സിഡി എന്ന കണക്കിൽ ഒരു കുടുംബത്തിന് നല്കാവുന്ന പരമാവധി സബ്സിഡി 5000/- രൂപയാണെന്നും നിഷ്കർഷിച്ചുണ്ട്. എന്നാൽ പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താവ് വാങ്ങിയ പമ്പ്സെറ്റുകളുടെ ബിൽ പ്രകാരമുള്ള തുകയിൽ വാറ്റ് ഒഴിവാക്കിയുള്ള തുകയുടെ 50% നല്കുകയാണ് ചെയ്തത്. ആയത് പ്രകാരം പരമാവധി നല്കാവുന്ന 5000/- രൂപയിലും അധികരിച്ച് സബ്സിഡി നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് | ഇൻവോയ്സ് നം./തീയ്യതി | വാറ്റ് ഒഴിവാക്കിയുള്ള വില | നല്കിയ തുക | അധികം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | വിഷ്ണു നമ്പൂതിരി,കന്മ ഇല്ലം | 5 | 9174/29.2.16 RAIDCO | 11896 | 5900 | 900 |
| 2 | ഗിരിധരൻ, എം.കെ, കൊയാരി | 14 | Z/375/15-16 /21.3.16 KAICO | 11915 | 5950 | 950 |
| 3 | പ്രഭാകരൻ.ഇ.കെ, എടപ്പത്താംകണ്ടി | 8 | Z/336/15-16 /21.3.16 | 17175 | 6000 | 1000 |
| 4 | സതീഷ്.വി.പി, എടച്ചേരി പറമ്പ് | 8 | Z/362/15-16 /29.3.16 | 19672 | 6000 | 1000 |
| 5 | ഗംഗാധരൻ നായർ, ശരണ്യ, നടേരി | 19 | Z346/15-16 /22.3.16 | 20273 | 6000 | 1000 |
| 6 | കെ.ശശിധരൻ കോവിലേരി | 5 | Z/348/15-16 /22/3/16 | 11600 | 5800 | 800 |
| | | | | | ആകെ | 5650 |

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി നല്കിയ അധിക തുക 5650/-രൂ. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ബി. ക്രമ നം.2 വിശദ വിവരം

പ്രൊജക്റ്റ് നം 287/16 – വീട് റിപ്പയർ

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

| വകയിരുത്തൽ | ചെലവ് | |
|---|---|---|
| | ബിൽ നം. | തുക |
| 8,75000/-(വി.ഫണ്ട് എസ്.സി.പി) | 16/12/1/16<br>25/2.3.16<br>30/18.3.16<br>38/29.3.16<br>40/31.3.16 | 3,25,000/-<br>1,50,000/-<br>75,000/-<br>37,500/-<br>62500/-<br>ആകെ 6,50,000/- |

1. പ്രൊജക്റ്റ് പ്രകാരം ആകെ 25 പേർക്ക് 25000/- രൂപ വീതം വീട് റിപ്പയറിനുള്ള ധനസഹായം വിതരണം ചെയ്തു. 16.11.2013 ലെ സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 3-6(5) പ്രകാരം എൽ.എസ്.ജി.ഡി എൻജിനീയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നല്കേണ്ടത്. എന്നാൽ 25 ഗുണഭോക്താക്കൾക്ക എൻജിനീയറുടെ വാല്യേഷൻ സർട്ടിഫിക്കററ് ഇല്ലാതെ വീട് റിപ്പയറിന് നല്കാവുന്ന പരമാവധി ആനുകൂല്യം നല്കുകയാണ് ചെയ്തത്.

2. നഗരസഭയുമായി കരാറിലേർപ്പെട്ടശേഷമായിരിക്കണം 50% മുൻകൂർ തുക നല്കേണ്ടത്. എന്നാൽ ശ്രീമതി നടേരി

രാധ, 'നയനം' (വാർഡ് - 19), കരാർ വെക്കാതെ തന്നെ മുഴുവൻ തുകയും നല്കിയിട്ടുണ്ട്. (മാർഗ്ഗരേഖ ഖണ്ഡിക 3.6(5). അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ചെലവുതുക 650000/- തടസ്സത്തിൽ വെക്കുന്നു.

സി.ക്രമനം. 3 വിശദവിവരം.

വാസയോഗ്യമായ വീടില്ലാത്ത എസ്. സി. കുടുംബങ്ങൾക്ക് വീട് - അപാകതകൾ

പ്രൊജക്റ്റ് നം. 81/16

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

| വകയിരുത്തൽ | ചെലവ് | |
|---|---|---|
| | ബിൽ നം. | തുക |
| 27200/-(വികസന ഫണ്ട്)<br>2972800(വികസന ഫണ്ട് എസ്.സി.പി) | 28/2/3/16<br>31/10.3.16<br>33/23.3.16<br>42/31.3.16<br>44/31.3.16<br>41/31.3.16 | 1,5000/-<br>60,000/-<br>2,70,000/-<br>1,80,000/-<br>60,000/-<br>60,000/-<br>ആകെ 7,80,000/- |

പ്രൊജക്റ്റ് പ്രകാരം 11 ഗുണഭോക്താക്കൾക്കാണ് തൻവർഷം ആനുകൂല്യം നല്കോിയിട്ടുണ്ട്.അപാകതകൾ താഴെ ചേർക്കുന്നു.(മാർഗ്ഗ രേഖ ഖണ്ഡിക 3.6(1)

1. നിർമ്മിക്കുന്നവീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന് തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ നഗരസഭാ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി റജിസ്ട്രാർ ഓഫീസിൽ റജിസ്റ്റർ ചെയ്യണം. റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശരേഖ മാത്രമുള്ളവരാണെങ്കിൽ നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടാൽ മതി. എന്നാൽ ഇത്തരത്തിൽ കരാറിൽ ഏർപ്പെടാത്ത ശ്രീമതി ഷീബ.വി.കെ, പയർവീട്ടിൽ(വാർഡ്22), മാലതി ജയകുമാർ കുന്നപ്പുഴക്കണ്ടി (വാർഡ് 24/66എ), വേണു.വികെ ദേവസ്വംകണ്ടി (വാർഡ് 17/14) എന്നിവർക്ക് ഒന്നാം ഗഡുവായി 30,000/- രൂപ നല്കി.

2. കുടുംബം നിലവിൽ താമസിക്കുന്ന വീടിന്റെ ഫോട്ടോ ലഭ്യമാക്കിയിരിക്കണം. എന്നാൽ അബീഷ് ലാൽ കെട്ടിന്റെ വളപ്പിൽ (വാർഡ് 22), സുബിന കുനിയിൽ (വാർഡ് 5), ശോഭ എടച്ചം പുറത്ത് മീത്തൽ (വാർഡ് 22), മീനാക്ഷി സൂത്രം കാട്ടിൽ ( വാർഡ് 32) എന്നീ ഗുണഭോക്താക്കൾ നിലവിൽ താമസിക്കുന്ന വീടിന്റെ ഫോട്ടോ ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വെക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയ വകയിലുള്ള ചെലവ് 90000/- രൂ. തടസ്സത്തിൽ വെക്കുന്നു.

ഡി. ക്രമനം. 4 വിശദവിവരം

മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം - ഫിഷറീസ് ഇൻസ്പെക്ടർ

പ്രൊജക്റ്റ് നം 1/16

| വകയിരുത്തൽ | ചെലവ് | |
|---|---|---|
| 8,00,000/-(വി.ഫണ്ട് | ബിൽ നം. | തുക |

| | | |
|---|---|---|
| എസ്.സി.പി) | 1/29/3/16<br>2/31.3.16 | 6,13,254/-<br>3426/-/-<br>ആകെ 6,16680/- |

പ്രൊജക്റ്റ് പ്രകാരം 180 വിദ്യാർത്ഥികൾക്ക് ഗേജ് 20 , 36" x 18" സ്റ്റീൽ മേശയും കുഷ്യനോട്ടുകൂടിയ സ്റ്റീൽ കസേരയും വിതരണം ചെയ്തു. FIDCO എന്റർപ്രൈസസ് ഒളവണ്ണയുടെ ഇൻവോയ്സ് നം. 224/14.3.16, 233/26.3.16പ്രകാരം ഒരു മേശയ്ക്ക് വാറ്റടക്കം 2232.75 രൂപ കസേരയ്ക്ക് 1192.25 രൂപ നിരക്കിലാണ് ടെണ്ടർ നടപടികൾ പ്രകാരം വാങ്ങി നല്കിയത്. പന്ത്രണ്ടാം പഞ്ചവത്സര കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ട പ്രൊജക്റ്റുകളുടെ ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും സംബന്ധിച്ച് പുറപ്പെടുവിച്ച പരിഷ്കരിച്ച് ഉത്തരവ് 16.11.2013 ലെ സ.ഉ(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ യിലെ നിർദ്ദേശങ്ങൾ പ്രൊജക്റ്റ് നിർവഹണത്തിൽ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3-4(7)പ്രകാരം വിദ്യാർത്ഥികൾക്ക് ഒരിക്കൽ മാത്രമെ ആനുകൂല്യത്തിന് അർഹതയുള്ളൂ.എന്നാൽ മുൻവർഷങ്ങളിലെ പ്രൊജക്റ്റുകൾ പ്രകാരം മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖകൾ പരിശോധിച്ച് സാക്ഷ്യപത്രം നല്കാതെയാണ് ആനുകൂല്യം നല്കിയത്.

2. വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ള മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥകൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കാതെ ആനുകൂല്യം നല്കിയിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1. | റിഷിൻ രാജ് യു.കെ, S/o രാജൻ യു.കെ |
| 2 | ആകാശ്. സി.എം, S/o ജയചന്ദ്രൻ |
| 3 | മുഹമ്മദ് നിഷാം.സി.കെ, S/o നിസാർ ചേരിക്കുനിയിൽ |
| 4 | ഹരിഷ്ണ.ടി.പി, D/o അനിൽ ടി.പി |
| 5 | മുഹമ്മദ് ഫായിസ്. പി.പി S/o ബഷീർ പി.പി |
| 6 | ശരണ്യ. സി.എം S/o ഹരിദാസൻ ചെറിയങ്ങോട് |
| 7 | സാനിയ, D/o മുകേഷ് കെ.കെ |

3. സബ്സിഡി മാർഗ്ഗരേഖയിൽ സ്കൂൾ അധികൃതർ മുഖേനയായിരിക്കണം ഫർണിച്ചർ വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 180 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിൽ ജി.എം.വി.എച്ച്.എസ്.എസ്,കൊയിലാണ്ടി(64 വിദ്യാർത്ഥികൾ), ജി.വി.എച്ച്.എസ്.എസ് കൊയിലാണ്ടി (7എണ്ണം) വിതരണം ചെയ്തതിന് മാത്രമെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 616680/- രൂ. തടസ്സത്തിൽ വെക്കുന്നു.

ഇ. ക്രമ നം. 5വിശദവിവരം

ക്ഷീര കർഷകർക്ക് പാലുല്പാദനത്തിനുള്ള ഇൻസെന്റീവ് - അർഹമായ നിരക്കിൽ ഇൻസെന്റീവ് നല്കിയില്ല, തീറ്റ വിതരണം ചെയ്തതിന് രേഖയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 74/16 |

| | |
|---|---|
| അടങ്കൽ | 437500/- വികസന ഫണ്ട് |
| ചെലവ് | 158151/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

4 ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന 239 ക്ഷീര കർഷകർക്കാണ് പദ്ധതി പ്രകാരം സബ്സിഡി നല്കിയത്. 2015 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അളന്ന പാലിന് ലിറ്ററിന് 2 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചു. ആയത് പ്രകാരം 158151/- രൂപയാണ് സബ്സിഡി കണക്കാക്കിയത്. ഈ തുക കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് കല്ലേറ്റും കര, തൃശ്ശൂർ ന് DD നം. 788284/29.3.16 പ്രകാരം നല്കി. സബ്സിഡി വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീര സഹകരണ സംഘം | ക്ഷീര കർഷകരുടെ എണ്ണം | അനുവദിച്ച സബ്സിഡി |
|---|---|---|---|
| 1 | പന്തലായനി മിൽക്ക് സപ്ലൈ കോ-ഓപ് സൊസൈറ്റി | 106 | 68182 |
| 2 | ഊരള്ളൂർ ക്ഷീരോല്്പാദക സഹ.സംഘം | 34 | 32534 |
| 3 | നടേരി ക്ഷീരോൽപാദക സഹ.സംഘം | 69 | 34786 |
| 4 | കുറുവനാട് ക്ഷീരോല്പാദക സഹ.സംഘം | 30 | 22649 |
| | ആകെ | 239 | 158151 |

പ്രൊജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. 16.11.2013 ലെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-2(10) പ്രകാരം ക്ഷീരസംഘങ്ങളിൽ നല്കുന്ന പാൽ ഒരു ലിറ്ററിന് 3 രൂപ തോതിൽ കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ ഓരോ മാസവും കർഷകർക്ക് നല്കാവുന്നതാണ്. എന്നാൽ പ്രൊജക്ട് പ്രകാരം 2015 മാർച്ച്, ഏപ്രിൽ, മെയ് എന്നീ 3 മാസങ്ങളിൽ അളന്നപാലിന് മാത്രമെ ഇൻസെന്റീവ് നല്കിയിട്ടുള്ളു. മാത്രമല്ല ഒരു ലിറ്ററിന് 3 രൂപ തോതിൽ അനുവദിക്കാമായിരുന്നിട്ടും 2 രൂ. തോതിലാണ് നല്കിയത്. പ്രൊജക്ട് പ്രകാരം വകയിരുത്തിയ തുകയിൽ ബാക്കിയുണ്ടായിട്ടും അർഹതപ്പെട്ട ആനുകൂല്യം ക്ഷീരകർഷകർക്ക് അനുവദിച്ചിട്ടില്ല.
2. നാല് ക്ഷീര സഹ.സംഘങ്ങിൽ പാലളന്ന പ്രകാരം കണക്കാക്കിയ സബ്സിഡി തുക 158151/- രൂ. കാലിത്തീറ്റ വിതരണം നടത്തുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡിന് നല്കിയിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ ലഭ്യമായത് സംബന്ധിച്ച് ഇൻവോയ്സ്, വിതരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.
3. ക്ഷീര സംഘങ്ങൾ നല്കിയ കർഷകരുടെ ലിസ്റ്റ് പ്രകാരമാണ് അനുവദിക്കാവുന്ന സബ്സിഡി കണക്കാക്കിയത്. നഗരസഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ലിസ്റ്റിൽ കർഷകരുടെ വാർഡ് രേഖപ്പെടുത്താത്തതിനാൽ നഗരസഭാ പരിധിയിൽപ്പെടുന്ന കർഷകർക്ക് തന്നെയാണ് നഗരസഭാപ്രൊജക്ട് പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കിയതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യാമക്കിയിട്ടില്ല. ചെലവ് തുക 158151/-തടസ്സത്തിൽ വെക്കുന്നു.

<u>എഫ്-ക്രൂ.മ നം-6 വിശദാംശം</u>

<u>ഭവനപുനരുദ്ധാരണ പദ്ധതി -എൻഞ്ചിനീയരുടെ വാല്വേഷൻ ഇല്ലാതെ ധനസഹായം നൽകി</u>

പ്രോജക്ട് നം- 144/16

നിർവ്വഹണം-പ്രോജക്ട് ഓഫീസർ നഗരദാരിദ്ര ലഘൂകരണം

അടങ്കൽ - 1725000/-(വികസനഫണ്ട്)

ചെലവ് -1387500/-

തൻ വർഷം സ്പിൽ ഓവർ പദ്ധതിയായി ഡി.പി.സി അംഗീകാരം ലഭിച്ച പ്രോജക്ട് 100 ഗുണഭോക്താക്കളിൽ മുൻവർഷം അഡ്വാൻസ് നൽകിയവർക്ക് ബാക്കിതുക നൽകുന്നതിനും, അവശേഷിക്കുന്നമറ്റ് ഗുണഭോക്താക്കൾക്ക് മുഴുവൻ തുക നൽകുന്നതിനുമാണ് . പ്രോജക്ട് നിർവ്വഹണം പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കളിൽ പ്രവൃർത്തി പൂർത്തീകരിച്ചവർക്ക് അവസാന ഗഡു ധനസഹായം നൽകിയിരിക്കുന്നത് എ.ഇ യുടെ പ്രവൃർത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.സ.ഉ .(എം.എസ്) നമ്പർ 362/2013 / ത.സ്വ.ഭ.വ തീയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 3.6.5 പ്രകാരം വീട് പുനരുദ്ധാരണ പദ്ധതികളിൽ എൽ.എസ്.ജി.ഡി എൻജിനീയർ അളവ് രേഖപ്പെടുത്തിയതിന് ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത് . പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻപേർക്കും പ്രവർത്തി സംബന്ധിച്ച് എ.ഇയുടെ വാല്വേഷൻ അടിസ്ഥാനത്തിലല്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. കൂടാതെ അഡ്വാൻസായി 12500/- രൂപ വീതം കൈപ്പറ്റിയ 13 പേർ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റാത്തതായുണ്ട്. പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക 11-13 (ഇ) പ്രകാരം ഒരു സ്പിൽ ഓവർപ്രോജക്ട് , സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 1387500/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജി-ക്ര.മ നം-7 വിശദാംശം

സമഗ്രവിദ്യാഭ്യാസം പ്രോജക്ട് -പദ്ധതിമാർഗ്ഗരേഖ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രേജക്ട് നടപ്പാക്കി.

പ്രോജക്ട് നം-78/16

അടങ്കൽ -600000/- (വികസനഫണ്ട്)

ചെലവ് -539851/-(ബിൽ നം-3/28-3-16-119851/- രൂപ ,ബിൽ നം-6/28-3-16-420000/- രൂപ,)

നിർവ്വഹണം-പ്രിൻസിപ്പാൾ ഗവ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ.

നഗരസഭാ പരിധിയിലെ സർക്കാർ സ്കൂളുകളിലെ എൽ.പി,യു.പി, ഹൈസ്കൂൾ,ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായാണ് പ്രോജക്ട് നടപ്പാക്കിയത്. നാടകക്യാമ്പ്,ഷോർട്ട് ഫിലിം നിർമ്മാണം,ചിത്രകലാക്യാമ്പ്, പഠന പിന്നോക്കം നിൽക്കുന്നവർക്ക് പഠനനിലവാരവും റിസൽറ്റും മെച്ചപ്പെടുത്തുന്നതിനായി വിജയോത്സവം,പ്ളസ് ടു വിദ്യാർത്ഥികൾക്ക് കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ്,പത്താംതരം വിദ്യാർത്ഥികൾക്ക് കോൺഫിഡൻസ് ബിൽഡിംഗ്,പ്ളസ് ടുവിദ്യാർത്ഥികൾക്ക് കരിയർഗൈഡൻസ്, പഠനപിന്നോക്കകാർക്ക് പ്രത്യേക പരിശീലനം,വി.എച്ച് .എസ്.സി പി.ടി.സി വിപണനമേള ,ഹയർസെക്കണ്ടറിസ്കൂൾ പ്ളസ് ടു വിദ്യാർത്ഥികളിൽ കൂടുതൽപേർക്ക് എ പ്ളസ് നേട്ടം കൈവരിക്കാനായി എ പ്ളസ് കളരി ,സയൻസ് സെന്റർ സന്ദർശനം,കാഡറ്റ് ക്യാമ്പ് തുടങ്ങിയവയ്ക്കാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചിരിക്കുന്നത് രിക്കുന്നത് .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം-6/28-3-26 തുക-420000/- | | | |
|---|---|---|---|
| വൗച്ചർ നം | ഇനം | ചെലവ് | വിശദാംശങ്ങൾ |
| 1 | മാസ്ക്ക് നാടകക്യാമ്പ് | 25000 | കൊല്ലം യു.പി സ്കൂളിൽ വെച്ച് മാർച്ച് 5,6 ദിവസങ്ങളിൽ 52 വിദ്യാർത്ഥികൾക്ക് നാടകപരിശീലനം. |
| 2 | വീഡിയോ ഡോക്യുമെന്ററി നിർമ്മാണം | 30000 | ഒരു ദളിതന്റെ സമരസ്മൃതി-<br>കൊയിലാണ്ടി ഗവ ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് വിദ്യാർത്ഥികളുടെ വീഡിയോ ഡോക്യുമെന്ററി നിർമ്മാണ ചെലവ് |
| 3 | വിജയോത്സവം | 20000 | ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി |

| | | | |
|---|---|---|---|
| | | | സ്കൂൾ വിജയോത്സവുമായി ബന്ധപ്പെട്ട് കുട്ടികളുടെ ഭക്ഷണ ചെലവ് |
| 4 | വിജയോത്സവം | 20000 | ഗവൺമെന്റ് ഗേൾസ് എച്ച് .എച്ച് .എസ് ഉദ്ഘാടനചെലവുകൾ,ലഘുഭക്ഷണ ചെലവുകൾ |
| 5 | വിജയോത്സവം | 20000 | ഗവൺമെന്റ് ഹയർസെക്കണ്ടറി ബോയ്സ് സ്കൂൾ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ളാസ്,സായാഹ്നക്ളാസ് , പഠനപിന്നോക്കക്കാർക്ക് നൈറ്റ് ക്ളാസ് എന്നിവയ്ക്ക് ലഘുഭക്ഷണം,റിസോഴ്സ് പേഴ്സൺ ടി.എ |
| 6 | കൈത്തിരി | 25000 | ഗവ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പഠനപിന്നോക്കക്കാർക്ക് പ്രത്യേക പരിശീലന പരിപാടി. |
| 7 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 15000 | ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പത്താംതരം കുട്ടികളിൽ ആത്മവിശ്വാസവും , വിജയപ്രതീക്ഷയും വളർത്തുന്നതിനുള്ള ക്യാമ്പ് |
| 8 | വിജയോത്സവം | 10000 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ |
| 9 | കരിയർ ഗൈഡൻസ് | 5000 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ |
| 10 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 6000 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ |
| 11 | എ പ്ളസ് കളരി | 30000 | ഗവൺമെന്റ് ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ |
| 12 | വിജയോത്സവം | 10000 | ഗവൺ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ലഘുഭക്ഷണം |
| 13 | കരിയർഗൈഡൻസ് | 5000 | ഗവൺ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ലഘുഭക്ഷണം |
| 14 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 6000 | ഗവൺ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ റിസോഴ്സ് പേഴ്സൺ ഹോണറേറിയം |
| 15 | എ പ്ളസ് കളരി | 30000 | ഗവൺ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ ലഘുഭക്ഷണം,സ്റ്റേഷനറി ചെലവുകൾ |
| 16 | വിജയോത്സവം | 10000 | ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ്. |
| 17 | വിജയോത്സവം | 10000 | ഗവ മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ |

| | | | |
|---|---|---|---|
| 18 | കരിയർഗൈഡൻസ് | 5000 | ഗവ മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ |
| 19 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 6000 | ഗവ മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ |
| 20 | എ പ്ളസ് കളരി | 30000 | ഗവ മാപ്പിള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ |
| 21 | വിജയോത്സവം | 10000 | ഗവൺമെന്റ് മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ പഠനപിന്നോക്കക്കാർക്ക് |
| 22 | കരിയർഗൈഡൻസ് | 5000 | ഗവൺമെന്റ് മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ റിസോഴ്സ്പേഴ്സൺ ഹോണറേറിയം,<br>ലഘുഭക്ഷണം |
| 23 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 6000 | ഗവൺമെന്റ് മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ റിസോഴ്സ് പേഴ്സൺ ഹോണറേറിയം,റിഫ്രഷ് മെന്റ്. |
| 24 | എ പ്ളസ് കളരി | 30000 | ഗവൺമെന്റ് മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ പ്ളസ് ടു പരീക്ഷക്ക് കൂടുതൽപേർക്ക്<br>എപ്ളസ് ഗ്രേഡോടെ വിജയം ഉറപ്പാക്കൽ |
| 25 | വിജയോത്സവം | 10000 | ഗവൺമെന്റ് ബോയസ് വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പഠനനിലവാരവും റിസൽറ്റും മെച്ചപ്പെടുത്തൽ<br>ലഘുഭക്ഷണം,സ്റ്റഡിമെറ്റീരിയൽസ്. |
| 26 | കരിയർഗൈഡൻസ് | 5000 | ഗവൺമെന്റ് ബോയസ് വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ റിസോഴ്സ്പേഴ്സൺ റമ്മ്യൂണറേഷൻ. |
| 27 | കോൺഫിഡൻസ് ബിൽഡിംഗ് ക്യാമ്പ് | 6000 | ഗവൺമെന്റ് ബോയസ് വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾറെമ്മ്യൂണറേഷൻ,ലഘുഭക്ഷണം |
| 28 | എ പ്ളസ് കളരി | 30000 | ഗവൺമെന്റ് ബോയസ് വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കുട്ടികൾക്ക്<br>സ്റ്റഡിമെറ്റീരിയൽസ്,റിസോഴ്സ് പേഴ്സൺ ഹോണറേറിയം |
| ബിൽനം-3/28-3-26 തുക-119851/- | | | |
| 1 | എൻ.സി.സി ,കാഡറ്റ് ക്യാമ്പ് | 20000 | നഗരസഭയിലെ സ്കൂളുകളിലെ ജ.ആർ.സി, എൻ.സി.സി, |

| | | | |
|---|---|---|---|
| | | | എൻ.എസ്.എസ്, സ്കൗട്ട് ആന്റ് ഗൈഡ്സ് സംഘടനകളിൽ ഉൾപ്പെട്ടവർക്ക് ക്യാമ്പ്. |
| 2 | നൈപുണ്യം- വി.എച്ച്.എസ്.സി,പിട.ടി.സി വിപണനമേള | 16106 | ഗവൺമന്റ് ബോയ്സ് വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ,മാപ്പിള വെക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പ്രൊഡക്ഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിർമ്മിച്ച ഉല്പന്നങ്ങളുടെ പ്രദർശനവും , വില്പനയും. |
| 3 | ചിത്രകലാക്യാപ് | 30000 | നഗരസഭയിലെ എൽ.പി, യുപി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക് ചിത്രകലാപരിശീലനം, ക്ളാസ് നയിച്ചവർക്ക് ഹോണറേറിയം, ലഘുഭക്ഷണം,മറ്റ് ചെലവുകൾ. |
| 4 | സിഡ്ക്കോ | 30000 | സ്കൂളുകൾക്ക് ഫർണിച്ചർ |
| 5 | റീജനൽ സയൻസ് സെന്റർ &പ്ളാനറ്റോറിയം സന്ദർശനം | 625 | വീയ്യൂർ എ.എൽ .പി സ്കൂൾ കുട്ടികളുടെ പ്രവേശന ടിക്കറ്റ് ചാർജ്ജ്. |
| 6 | റീജനൽ സയൻസ് സെന്റർ &പ്ളാനറ്റോറിയം സന്ദർശനം | 3120 | പെരുവട്ടൂർ എൽ.പി.സ്കൂൾ കുട്ടികളുടെ പ്രവേശന ടിക്കറ്റ് ചാർജ്ജ് |

സ.ഉ(എം.എസ്)നമ്പർ 362/2013 ത.സ്വ.ഭ.വ തിയ്യതി 16.11.2013 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി(2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖ നിർദ്ദേശങ്ങൾ അനുബന്ധം 1-6.I പ്രകാരം വിദ്യാഭ്യാസമേഖലയിൽ പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഖണ്ഡിക 6.iii പ്രകാരം വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ വിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നുണ്ട്.അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടത്. ഖണ്ഡിക 6.V പ്രകാരം ഹോണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകര വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ്.എന്നാൽ സന്നദ്ധപ്രവർത്തനം സ്വരൂപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ യോഗ്യരായ പുറമേയുള്ള അദ്ധ്യാപകരുടെ സേവനത്തിന് വർഷത്തിൽ ഒരു ട്യൂഷൻ സെന്ററിന് 3000 ക എന്ന പരിധിക്ക് വിധേയമായി വികസനഫണ്ട് ചെലവഴിക്കാവുന്നതാണ്.കൂടാതെ മേൽ മാർഗ്ഗരേഖ അനുബന്ധം 16 ഖണ്ഡിക 7.7 പ്രകാരം ഉദ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലാത്തതുമാണ് . തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രിൻസിപ്പാൾ സമഗ്രവിദ്യാഭ്യാസ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളിൽ സ്കൂളുകൾക്ക് സിഡ്ക്കോയിൽ നിന്നും 30000/- രൂപയ്ക്ക് ഫർണിച്ചർ വാങ്ങിയതൊഴികെ പദ്ധതിമാർഗ്ഗരേഖാ നിർദേശങ്ങൾക്ക് വിരുദ്ധമായാണ് തൻവർഷം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് . പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 509851/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 കർഷക തൊഴിലാളി പെൻഷൻ - അംഗീകരിച്ചതിലെ അപാകത

കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ റൂൾ 2 പ്രകാരം അപേക്ഷാ തീയതിയിൽ അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം.

കർഷക തൊഴിലാളി പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ശ്രീമതി രാധ, കിഴക്കോട്ട് മീത്തൽ, പന്തലായനി (സീരിയൽ നമ്പർ 32) എന്നവർ അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാർ കാർഡ് (ജനന വർഷം 1956), EPIC (01.01.98 ൽ 40 വയസ്സ് ) എന്നിവ പ്രകാരം അപേക്ഷിക്കുന്ന സമയത്ത് 60 വയസ്സ് പൂർത്തിയായിട്ടില്ല. 06.08.2015 ന് ശ്രീമതി രാധ അപേക്ഷ സമർപ്പിക്കുകയും 19.08.2015 ന് അപേക്ഷ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകത പരിശോധിച്ച് മറുപടി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-20 താലൂക്ക് ആശുപത്രി തുണിഅലക്ക്ചെലവുകൾക്ക് വികസനഫണ്ട് വിനിയോഗിച്ചു

പ്രോജക്ട് നം-323/-16

അടങ്കൽ -300000/-

ചെലവ് -266093/-(189039/- രൂപ ബിൽനം-10/29-3-16,77054/-രൂപ ബിൽനം-4/29-3-16)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ.

കൊയിലാണ്ടി താലൂക്ക് ആശുപത്രിലെ കിടക്കവിരികൾ,തലയണഉറകൾ,ഓപ്പറേഷൻ തിയേറ്ററിലെ വിരികൾ,ഗൗണുകൾ ,കർട്ടനുകൾ എന്നിവ അലക്കുന്നതിന് ധോബിചാർജ്ജ് നൽകുന്നതിനായാണ് തൻവർഷം പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും തഹസിൽദാർ തീർച്ചപ്പെടുത്തിയ പ്രാദേശിക നിരക്കിൽ നിജപ്പെടുത്തി വി.കെ.അബ്ദുള്ളക്കുട്ടി,വി.കെ.എസ് . വാഷിംഗ് ആന്റ് ക്ളീനേഴ്സ് സമർപ്പിച്ച ബിൽപ്രകാരവുമാണ് തുക ചെലവഴിച്ചിരിക്കുന്നത്.പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം വിവിധ മേഖലകൾക്കും പ്രത്യേക വിഭാഗങ്ങൾക്കും ഉള്ള നിർദ്ദേശങ്ങളും നിബന്ധനകളും അനുബന്ധം 1 ൽ നൽകിയിട്ടുണ്ട് . അവപാലിച്ചുകൊണ്ടായിരിക്കണം ഓരോമേഖലയിലെയും പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. അനുബന്ധം 1 .7 ൽ ആരോഗ്യം, രോഗപ്രതിരോധം, ശുചിത്വം എന്നീമേഖലകൾക്കുള്ള നിർദ്ദേശങ്ങളിൽ (നിർദ്ദേശം-V) രോഗപ്രധിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണ പരിപാടികൾ,സർവ്വെകൾ,മറ്റ് വിവരശേഖരണങ്ങൾ ,സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്കുപുറമേ നടത്തേണ്ടിവരുന്ന പ്രത്യേകസമയത്തെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ ,ആശാവർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം പരിപാടികൾ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്.കൂടാതെ ആവർത്തന ചെലവുകൾക്ക് പ്ളാൻഫണ്ട് വിനിയോഗിക്കാൻ പാടില്ലാത്തതുമാണ് . മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് ചെലവ് തുക 266093/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 ടെൻണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതിനുശേഷം ടെൻണ്ടർ സമർപ്പണത്തിന് ആവശ്യത്തിന് സമയം നൽകിയില്ല

ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ തീയ്യതി 8-11-2010 ലെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖപ്രകാരം 100000/-രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ളയിനങ്ങളിൽ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യേണ്ടതും ടെൻണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യതീയ്യതിമുതൽ 21 ദിവസം നൽകേണ്ടതാണ് .എന്നാൽ ഓഡിറ്റ് വർഷം നഗരസഭ ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ നാല് പ്രോജക്ടുകളിലും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ മേൽ സമയക്രമം പാലിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രോജക്ട്നം,പേര് | അടങ്കൽ | പരസ്യംപ്രസിദ്ധീകരിച്ച പത്രം,തീയ്യതി | ടെൻണ്ടർ സമർപ്പിക്കുന്നതിന് നൽകിയ അവസാന തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 90/16<br>റിജക്ഷൻവേസ്റ്റ് റിമൂവൽ | 150000 | മാതൃഭൂമി<br>25-7-2015 | 1-8-2015 |
| 2 | 327/16<br>കുട്ടികളുടെ പാർക്കിൽ പെഡകോജി പാർക്ക്സ്ഥാപിക്കൽ | 495000 | മാതൃഭൂമി<br>5-9-15 | 9-9-15 |
| 3 | 285/16<br>പ്ളാസ്റ്റിക്ക് വേസ്റ്റ് കളക്ഷൻ ബോധവൽക്കരണം<br>(സ്പിൽ ഓവർ) | 251000 | പരസ്യം പ്രസിദ്ധീകരിച്ച പത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 18-3-15 |
| 4 | മാലിന്യസംസ്കരണത്തിന് ഉപകരണങ്ങൾ വാങ്ങൽ | 150000 | മാതൃഭൂമി<br>17-12-15 | 22-12-15 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭിച്ചിട്ടില്ല.ഒരു ലക്ഷത്തിന് മുകളിൽ മൂല്ല്യമുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ഇംഗ്ളീഷ് പത്രങ്ങളിൽ പരസ്യം നൽകാത്തതും,പരസ്യം പ്രസിദ്ധീകരിച്ചതിനുശേഷം ടെൻണ്ടർ സമർപ്പണത്തിന് നിശ്ചിത സമയം നൽകാത്തതും വഴി ടെൻണ്ടർ നടപടികൾ സ്വീകരിക്കുന്നത് വഴിയുള്ള ഗുണഫലങ്ങൾ നഷ്ടപ്പെടുന്നതിനിടയാക്കുന്നു .

## 3-22 ടെൻണ്ടർ നടപടികൾകൂടാതെ കെ.എസ്.ഐ.ഇ യിൽ നിന്നും ഫൈബർ കസേര,കിടക്ക എന്നിവ വാങ്ങി.

പ്രോജക്ട് നം - 329/16

അടങ്കൽ - 226800/-

ചെലവ് - 188556/- (ബിൽ നം-13/22-3-16)

നിർവ്വഹണം – ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

നഗരസഭയിലെ കോമത്ത് കരയിൽ പ്രവർത്തിക്കുന്ന പകൽവീടിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചറുകൾ വാങ്ങിനൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നടത്തിപ്പിന്റെഭാഗമായി 11-1-2016 ലെ പർച്ചേസിംഗ് കമ്മിറ്റി തീരുമാനം ,19-1-1016 ലെ 8 നമ്പർ കൗൺസിൽ തീരുമാനം എന്നിവപ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രയിസിൽ നിന്നും നേരിട്ട് താഴെപറയും പ്രകാരം സാധനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി പകൽ വീടിനായി വാങ്ങിയിട്ടുണ്ട്.

| | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ | 1 | 5599 |
| 2 | ഫൈബർ ചെയർ | 100 | 144957 |
| 3 | സ്റ്റീൽ അലമാര | 2 | 9800 |

| | | | |
|---|---|---|---|
| 4 | കിടക്ക | 2 | 13800 |
| 5 | ഐയേൺ കോട്ട് | 2 | 14400 |
| | | | 188556 |

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും ടെൻണ്ടർ നടപടികൾ പാലിക്കാതെ അവർ നിർമ്മിക്കുന്ന തടി/സ്റ്റീൽ ഉല്പന്നങ്ങൾ വാങ്ങാനെ അനുവാദമുള്ളൂ.ആയതിനാൽ 144957 രൂപ വിലവരുന്ന ഫൈബർ ചെയർ,13800/- രൂപ വിലവരുന്ന കിടക്ക എന്നിവ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.ഫൈബർ ചെയർ,കിടക്ക എന്നിവയ്ക്കായി ചെലവഴിച്ച 158757/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 ഓണം റംസാൻ കുടുംബശ്രീ വിപണന മേള -സ്റ്റാൾ ഒരുക്കൽ -ടെണ്ടർ നടപടികൾ പാലിച്ചില്ല

പ്രോജക്ട് നം : 44/16

അടങ്കൽ :150000/-

ചെലവ് : 150000/-( ബിൽനം-6/16-9-15)

നിർവ്വഹണം : പ്രോജക്ട് ഓഫീസർ നഗരദാരിദ്ര ലഘൂകരണം.

കൊയിലാണ്ടി നഗരസഭയിലെ കുടുംബശ്രീ മുഖേന രൂപീകരിച്ചതായ യൂണിറ്റുകളുടെ വൈവിധ്യമാർന്ന ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും അതുവഴി വരുമാന വർദ്ധനവും ദാരിദ്ര ലഘൂകരണവുമാണ് മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ടത്. പ്രോജക്ടിന്റെ ഭാഗമായി ആഗസ്ത് 21 മുതൽ 26 വരെ കൊയിലാണ്ടി ബസ്റ്റാന്റ് പരിസരത്ത് കുടുംബശ്രീ വിപണന മേള നടത്തുന്നതിനായി സ്റ്റാൾ ഉദ്ഘാടന സമാപന സമ്മേളനങ്ങൾക്കാവശ്യമായ സ്റ്റേജ്,സൗണ്ട് എന്നിവ ഒരുക്കിയതിന് സ്മാർട്ട് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിന് ബിൽ നം-226തീയ്യതി 31-8-15 പ്രകാരം 140000/- രൂപയും,ഓണചന്തയുടെ ഭാഗമായുള്ള സെക്യൂരിറ്റി , ബാനർ ,ഇൻഷൂറൻസ് ചെലവുകൾക്കായി 10000/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി) 259/2010 ത.സ്വ.ഭ.വ 8.11.2010 പ്രകാരം 100000/- ൽ കൂടുതൽ മതിപ്പുവിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത് ഓപ്പൺ ടെണ്ടറിംഗ് രീതിയിലാണ്. ഇതിനായി വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യുമായിരിക്കേണ്ടതുമാണ്.മേൽ നിർദ്ധേശങ്ങൾക്ക് വിരുദ്ധമായാണ് കുടുംബശ്രീ വിപണന മേളയ്ക്ക് സ്റ്റാൾ ഒരുക്കുന്നതിനായി സ്മാർട്ട് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനെ തെരഞ്ഞെടുത്തതും 140000/- രൂപ ചെലവഴിച്ചതും. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 140000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 സ്കൂൾ ഗ്രൗണ്ടിൽ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയത് - ആവശ്യകത വ്യക്തമാക്കേണ്ടതാണ്

നിർവ്വഹണം- എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ കാര്യത്തിൽ സ്കൂൾ ഗ്രൗണ്ടിൽ മണ്ണ് നിറച്ച് അതിന് മുകളിൽ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയതിന് തുക വിനിയോഗിച്ചിട്ടുണ്ട്. പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നും തന്നെ ഇപ്രകാരം മണ്ണ്, ക്വാറിമക്ക് എന്നിവ നിറക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. ഗ്രൗണ്ടിന്റെ ഉയരം കൂട്ടേണ്ടാതായിരുന്നു ആവശ്യകതയെങ്കിൽ വിലകൂടിയ ക്വാറിമക്കിന്റെ ആവശ്യകതയെന്തെന്ന് വ്യക്തമാക്കേണ്ടതായിരുന്നു. റോഡിന്റെ സബ് ബേസ് ബലപ്പെടുത്തുന്നതിന് ക്വാറിമക്ക് ഉപയോഗിക്കുന്ന കാര്യത്തിൽ പോലും ഇതിന്റെ ആവശ്യകത വ്യക്തമാക്കുന്ന ഡാറ്റയും രേഖകളും ഉപോത്ബലമായി സമർപ്പിക്കണമെന്ന് സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ കുട്ടികൾ കളിക്കാനുപയോഗിക്കുന്ന ഗ്രൗണ്ടിൽ ക്വാറിമക്കിനേക്കാൾ അനുയോജ്യം മണ്ണാണെന്നിരിക്കെ ചിലവേറിയ ക്വാറിമക്കിന്റെ ഉപയോഗം വിശദീകരക്കപ്പെടേണ്ടതുണ്ട്.

1) പ്രൊജക്ട് നം.206/16-കോതമംഗളം LP സ്കൂൾ അറ്റകുറ്റപ്പണി

ആകെ മൂല്യം : 396832/- രൂപ

അവസാനബിൽ തുക :396832/- രൂപ ബിൽ നം. 132/3.2.16

കരാറുകാരൻ :വി.കെ രതീഷ് കുമാർ

സാങ്കേതികാനുമതി നം: AEE147/14-15- 2.3.15

അളവു പുസ്തകം :203/15-16

ഇനം 2 ആയി 97.5 m3 ക്വാറിമക്ക് 15cm കനത്തിൽ നിറച്ചതിന് 974/- രൂപ/m3 നിരക്കിൽ 94965/- രൂപ നല്കി.ഇത്രയും മണ്ണ് നിറക്കാൻ 2881/-രൂപ/10m3 നിരക്കിൽ 28090/- രൂപ മതിയാകുമെന്നതിനാൽ 66875/-രൂപയുടെ അധികച്ചെലവ് വന്നു.

2) പ്രൊജക്ട് നം.309/16/16-GVHSS ബോയ്സ് കൊയിലാണ്ടി പുനരുദ്ധാരണ പ്രവൃത്തി

ആകെ മൂല്യം : 1194600/- രൂപ

അവസാനബിൽ തുക :164600/- രൂപ ബിൽ നം. 121/27.2.16

കരാറുകാരൻ :കെ ഹാസിഫ്

സാങ്കേതികാനുമതി നം: AEE/150/14-15- 2.3.15

അളവു പുസ്തകം :169/15-16

ഇനം 2 ആയി 62.3 m3 ക്വാറിമക്ക് 15cm കനത്തിൽ നിറച്ചതിന് 974/- രൂപ/m3 നിരക്കിൽ 60690/- രൂപ നല്കി.ഇത്രയും മണ്ണ് നിറക്കാൻ 2881/-രൂപ/10m3 നിരക്കിൽ 17949/- രൂപ മതിയാകുമെന്നതിനാൽ 42741/-രൂപയുടെ അധികച്ചെലവ് വന്നു.

അപാകതകൾക്ക് വിശദീകരണം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.ആകയാൽ ഇരു പ്രൊജക്ടുകളിലുമായി നഷ്ടം വന്ന 109615/- രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നല്കിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-25** കുറഞ്ഞ ടെണ്ടർ സ്വീകരിച്ചില്ല- നഗരസഭയ്ക്ക് **98580/-** രൂപ നഷ്ടപ്പെട്ടു

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. :299/16-ചാലിൽ പറമ്പിൽ-എടവനക്കണ്ടി റോഡ്

എസ്റ്റിമേറ്റ് തുക : 1164000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ആകെ മൂല്യം :1126636/-രൂപ

അവസാനബിൽ തുക :562636/- രൂപ ബിൽ നം. 85/14.1.16

കരാറുകാരൻ : സി.എം. ഗോവിന്ദൻ

ചാലിൽ പറമ്പിൽ-എടവനക്കണ്ടി റോഡ് മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തി പുനരുദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് 10.12.14ന് ടെണ്ടർ ക്ഷണിക്കുകയും രണ്ട് പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ശ്രീ.എസ്.ശെൽവരാജ് 8.75% കുറഞ്ഞ നിരക്കിലും ശ്രീ സി.പി.ശ്രീകുമാർ എസ്റ്റിമേറ്റ് നിരക്കിലുമാണ് പ്രവൃത്തിയ്ക്കായി തുക ക്വോട്ടുചെയ്തത്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി റീടെണ്ടർ ചെയ്യാൻ എ.ഇ.നിർദ്ദേശിച്ചതായും,റീ ടെണ്ടറിൽ ഏക ടെണ്ടർ സമർപ്പിച്ച ശ്രീ സി.എം. ഗോവിന്ദന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതായും കാണുന്നു.റീ ടെണ്ടറിനുള്ള കൃത്യമായ കാരണം സൂചിപ്പിച്ചില്ലെങ്കിലും , ആദ്യ ടെണ്ടർ തുറന്നപ്പോൾ ശ്രീ സി.പി.ശ്രീകുമാർ ഇ.എം.ഡി. യായി 29100/- രൂപ സമർപ്പിക്കേണ്ടതിനു പകരം 28100/- രൂപയാണ് സമർപ്പിച്ചതെന്ന് സൂചിപ്പിച്ചു കാണുന്നു.ഇതിൽ

നിന്നും ഇ.എം.ഡി. തുക കുറഞ്ഞതാണ് ആദ്യ ടെണ്ടർ നിരസിക്കാൻ കാരണമായതെന്ന് കാണുന്നു. ആകെ പ്രവൃത്തിമൂല്യം 1126636/-രൂപ വന്ന പ്രവൃത്തിയുടെ 8.75% നിരക്കിലുള്ള ടെണ്ടർ നിരസിച്ചതു വഴി 98580/- രൂപയുടെ നഷ്ടമാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. ശെൽവരാജ് സമർപ്പിച്ച ടെണ്ടറിനൊപ്പം ആവശ്യമായ ഇ.എം.ഡി. ഉണ്ടായിരുന്നു എന്നതും, ടിയാൻ ക്വോട്ടുചെയ്തത് മത്സരാധിഷ്ഠിത നിരക്കാണ് എന്നതും, കൂടുതൽ മത്സരാധിഷ്ഠിത നിരക്ക് പ്രവൃത്തിയുടെ കാര്യത്തിൽ ലഭിക്കാൻ സാധ്യത കുറവാണെന്നതും പരിഗണിച്ച് പ്രവൃത്തി ഏല്പിച്ചുനല്കുന്നതിന് പകരം റീ ടെണ്ടർ ചെയ്തത് ശരിയല്ല. ഇതേ വർഷം ടെണ്ടർ ചെയ്ത മറ്റ് പ്രവൃത്തികൾക്ക്(ഉദാ:309/16,206/16 ) ഏക ടെണ്ടർ ലഭിച്ചപ്പോൾ അവ എസ്റ്റിമേറ്റ് നിക്കിലായിട്ടുപോലും റീ ടെണ്ടർ ചെയ്തിട്ടില്ലെന്നത് ഇവിടെ പ്രസക്തമാണ്. കൂടാതെ ഇത് KFC ആർട്ടിക്കിൾ 40(b) 1 ൽ പ്രതിപാദിക്കുന്നഫിനാൻഷ്യൽ പ്രൊപ്രൈറ്റിക്ക് വിരുദ്ധവുമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നല്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-26 ടെറാക്കോട്ട ടൈൽ പതിക്കൽ-അധിക നിരക്ക് നല്കി

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് നം. : 200/16-നമ്പർ 29 അംഗൻവാടി അറ്റകുറ്റപ്പണി

എസ്റ്റിമേറ്റ് തുക : 4 ലക്ഷം/- (പ്ലാൻ ഫണ്ട്& ലോകബാങ്ക് ധനസഹായം)

ആകെ മൂല്യം : 366152/- രൂപ

അവസാനബിൽ തുക :366152/- രൂപ ബിൽ നം. 70/30.10.15

കരാറുകാരൻ :വി.കെ. രതീഷ്കുമാർ

സാങ്കേതികാനുമതി നം : AEE/133/14-15 Dtd.10.2.15

അളവു പുസ്തകം :150/15-16

ഷെഡ്യൂൾ നിരക്ക് : 2012

വാർഡ് 3 ലെ 29 നമ്പർ അംഗൻവാടിയുടെ അറ്റകുറ്റപ്പണിയ്ക്കായുള്ള പ്രവൃത്തിയുടെ ഇനം 18 ആയി മുറ്റത്ത് ടെറാക്കോട്ട ടൈൽ പതിച്ചതിന് 1684/-രൂപ/$m^2$ നിരക്കിൽ 33.39$m^2$ പ്രവൃത്തിയ്ക്ക് 56229/- രൂപ നല്കിയിട്ടുണ്ട്.എന്നാൽ ഇതേ ഷെഡ്യൂൾ നിരക്കിൽ ചെയ്ത ഇതേ ഇനം ഉൾപ്പെട്ട മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ (ഉദാ: പ്രൊ.നം 161/16-അംഗൻവാടി കെട്ടിടനിർമ്മാണം നം.50, ഇനം 25- 33.21$m^2$ പ്രവൃത്തിയ്ക്ക് 36465/-രൂപ നല്കി) ഈ ഇനത്തിന് 1098/രൂപ/$m^2$ നിരക്കാണ് നല്കിയത്. ടൈൽ പതിക്കുന്നതിനുള്ള കൂലിയിനത്തിൽ അധിക നിരക്ക് ഉൾപ്പെട്ടതാണ് നിരക്കിൽ വർദ്ധനവിന് കാരണമായതെന്ന് കാണുന്നു.അനുവദനീയമായ നിരക്കിൽ അർഹമായ തുക 36662/- രൂപയാകയാൽ (33.39x1098) 19569/-രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നല്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആകയാൽ 19569/- രൂപ നഷ്ടത്തിനുത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നല്കിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-27 അങ്കൺ വാടികളുടെ വൈദ്യുതിചാർജ്ജ്,വാടക എന്നിവയ്ക്ക് വികസനഫണ്ട് വിനിയോഗിച്ചു.

പ്രോജക്ട് നം : 29/16

അടങ്കൽ : 35000/-(വികസനഫണ്ട്)

ചെലവ് : 20848/- (ബിൽ നം-16/28-3-16)

നിർവ്വഹണം : ഐ.സി.ഡി.എസ് .സൂപ്പർവൈസർ

തൻവർഷം നഗരസഭാ പരിധിയിലെ 30 അംഗൺവാടികളുടെ ഇലക്ട്രിസിറ്റി ചാർജ്ജ്,വാടക എന്നിവ നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെയുള്ളകാലയളവിൽ 18 അംഗൺവാടികളുടെ വൈദ്യുതി ചാർജ്ജായി 3371/- രൂപയും, 4 അംഗൺവാടികളുടെ ഡിപ്പാർട്ട്മെന്റ് നൽകിയതു കഴിച്ച് അധികവാടക ഇനമായി 17477/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ -ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടിവരുന്ന ആവർത്തന ചെലവുകൾ,

വൈദ്യുതിചാർജ്ജ് അടവാക്കൽ എന്നിവയ്ക്ക് പ്ളാൻഫണ്ട് വിനിയോഗിക്കാൻ പാടില്ല. മേൽ ചെലവുകൾ തനത് /ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണ് നടത്തേണ്ടത്. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-28 ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണം - പ്ളാൻഫണ്ട് വിനിയോഗിച്ചു

നഗരസഭയിലെ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനായി പ്രോജക്ട് നം-42/16പ്രകാരം 300000/- രൂപ വകയിരുത്തുകയും, ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ചെലവ് -300000/- (ബിൽ നം-23-8-15)) . ആശ്രയ ചാലഞ്ച് ഫണ്ടിന്റെ കേരള ഗ്രാമീൺബാങ്കിൽ (A/C NO-40200100114463) 1-4-2016 ലെ മുൻബാക്കിയായി 1684683.35/-രൂപ ഉണ്ടായിരിക്കെയാണ് തൻവർഷം ആശ്രയ ഗുണഭോക്താക്കൾളുടെ ഭക്ഷണത്തിനായി ഇത്രയും തുക പ്ളാൻ ഫണ്ടിൽ നിന്നം ചെലവഴിച്ചത്. ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിനായി ചാലഞ്ച് ഫണ്ടാണ് വിനിയോഗിക്കേണ്ടത് ചാലഞ്ച് ഫണ്ട് ഇല്ലെങ്കിൽ മാത്രമേ പദ്ധതിക്കായി പ്ളാൻ ഫണ്ട് വിനിയോഗിക്കാവൂ.

കുടുബശ്രീ മെമ്പർ സെക്രട്ടറിയിൽ നിന്നം ലഭിച്ച നഗരസഭയിലെ ആശ്രയ ഗുണഭോക്താക്കളെ സംബന്ധിച്ച നിലവിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 1st പ്രോജക്ട് |
|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 247 |
| പ്രോജക്ട് പ്രകാരം വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 34 |
| നാളിതുവരെ ലഭിച്ചവർ | 18 |
| പ്രോജക്റ്റ പ്രകാരം വീട് ആവശ്യമുള്ളവർ | 114 |
| നാളിതുവരെ ലഭിച്ചവർ | 90 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 46 |
| നാളിതുവരെ ലഭിച്ചവർ | 34 |
| കക്കൂസ് ആവശ്യമുള്ളവർ | 119 |
| നാളിതുവരെ ലഭിച്ചവർ | 119 |
| കുടിവെള്ളം ആവശ്യമുള്ളവർ | 88 |
| നാളിതുവരെ ലഭിച്ചവർ | 88 |
| കറന്റ് ആവശ്യമുള്ളവർ | 34 |
| നാളിതുവരെ ലഭിച്ചവർ | 2 |

ആശ്രയ മാർഗ്ഗരേഖ പ്രകാരം ആശ്രയ പ്രോജക്ടിൽ ഉൾപ്പെട്ടവർക്ക് ഭക്ഷണം,വസ്ത്രം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചാലഞ്ച് ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിക്കേണ്ടത്. വീട് വയ്ക്കാൻ സ്ഥലം , വീട്, വീട് റിപ്പയർ , കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ , എസ്.സി./എസ്.ടി എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയി ൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് . ഇതുകൊണ്ടുതന്നെ പ്രോജക്ട് ആരംഭിച്ച് ആദ്യ വർഷത്തിൽ തന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു.എന്നാൽ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും 16 പേർ വീട് വയ്ക്കാനായി സ്ഥലം ആവശ്യമുള്ളവരായും,24 പേർ വീട് ആവശ്യമുള്ളവരായും,12പേർ വീട് റിപ്പയർ ആവശ്യമായവരായും 32 പേർ കറന്റ് കണക്ഷൻ ആവശ്യമുള്ളവരായുമുണ്ട്. ഓഡിറ്റ് വർഷം ജനറൽ/എസ്.സി വിഭാഗങ്ങളിൽപെട്ടവർക്കായി ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണ പ്രോജക്ടുകൾക്കായി വൻതുക ചെലവഴിച്ചിട്ടും

ആശ്രയ പ്രോജക്ടിൽ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാത്തവരായി ഗുണഭോക്താക്കൾ അവശേഷിക്കുന്നു എന്നത് ഭവന നിർമ്മാണ,പുനരുദ്ധാരണ പദ്ധതികളിൽ ആശ്രയാ ലിസ്റ്റിൽ ഉൾപ്പെട്ടവരെ മറികടന്ന് മറ്റ് വിഭാഗങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നാണ് . അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തിയ്യത്ത് മീത്തൽ ജല വിതരണ പദ്ധതി- വാട്ടർ ടാങ്ക് | 375491, 04.04.2015 | 4,00000/- | - | 4,00000/- |
| കേരള വാട്ടർ അതോറിറ്റി | തിയ്യത്ത് മീത്തൽ ജല വിതരണ പദ്ധതി- പൈപ്പ് ലൈൻ | 379493, 22.08.2015 | 1000000/- | - | 1000000/- |
| കേരള വാട്ടർ അതോറിറ്റി | തിയ്യത്ത് മീത്തൽ ജല വിതരണ പദ്ധതി- പൈപ്പ് ലൈൻ | 379409, 22.08.2015 | 9,00000/- | - | 9,00000/- |
| കേരള വാട്ടർ അതോറിറ്റി | പഴങ്കാവിൽ കോളനി കുടിവെള്ള വിതരണ പദ്ധതി | 375490, 04.04.2015 | 4,50000/- | - | 4,50000/- |
| കേരള വാട്ടർ അതോറിറ്റി | പഴങ്കാവിൽ കോളനി കുടിവെള്ള വിതരണ പദ്ധതി | 375497, 04.04.2015 | 10,00000/- | - | 10,00000/- |
| കേരള വാട്ടർ അതോറിറ്റി | പഴങ്കാവിൽ കോളനി കുടിവെള്ള വിതരണ പദ്ധതി | 379411, 22.08.2015 | 8,00000/- | - | 8,00000/- |
| കേരള വാട്ടർ അതോറിറ്റി | ചുണ്ടയിൽ കോളനി കുടിവെള്ള പദ്ധതി | 379410, 22.08.2015 | 9,75000/- | - | 9,75000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 52,53,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ യു ആർ ഡി എഫ് സി | 2959/14/LSGD 12.11.2014 | 30000000 | 4374023 | 2511006 | | 6501017 |
| ഇഎംഎസ് ഭവന വായ്പ | - | | 5269706 | 2868859 | | 3015847 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 16000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| KURDFC ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ : 263) | 15000 |
| മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് (നമ്പർ :87) | 1000 |
| ആകെ | 16000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 70395/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 3-10 | 3492 | ശ്രീ കെ പി രാമകൃഷ്ണൻ, കോൺട്രാക്ടർ | 11501113556, 18.03.2016 |
| 1997-98 | | 4250 | ശ്രീമതി ഗീത കെ ജി , കൃഷി ഓഫീസർ | 11501103477, 07.08.2015 |
| 2013-14 | 3-10 | 3042 | ശ്രീ സി പി ശ്രീകുമാർ, കോൺട്രാക്ടർ | 11501113622, 19.03.2016 |
| 2013-14 | 3-10 | 32346 | ശ്രീ വി രാമകൃഷ്ണൻ , എഇ | 11501113875, 28.03.2016 |
| 2007-08 | 3-9-2 | 9266 | ശ്രീ വി രാമകൃഷ്ണൻ , എഇ | 11501102289, 20.06.2015 |
| 2007-08 | 3-9-3 | 6923 | ശ്രീ വി രാമകൃഷ്ണൻ , എഇ | 11501102284, 20.06.2015 |
| 2013-14 | 3-10 | 11076 | ശ്രീ ജിതേഷ് ബാലൻ, കോൺട്രാക്ടർ | 11501113878, 28.03.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടികജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത |
| -ടി- | 14(3) | 1999 | IV 9 (b) | കൈതോലകൃഷി പരാജയം |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((a) | വാഴകൃഷി വികസനം |

| | | | | |
|---|---|---|---|---|
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ((b) | കോതമംഗലം ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി |
| 1998-99 | | 2000-01 | 14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം |
| 2000-01 | 15 | 2004-05 | 10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്. | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. |
| | 20 | 2005-06 | 20.3 | എൻ.എസ്.ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 160637455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 204965397 |
| വരവിനങ്ങളിലുള്ള നഷ്ടം | 53380 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 378641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11924636 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 53380 | | ഷെറിൽ ഐറിൻ സോളമൻ സെക്രട്ടറി |
| 3-9 | | 67007 | മിനി.എ.എസ്,എം.ഇ ഗിരീഷ്.ആർ.ഡി,എ.ഇ.ഇ |

| | | | |
|---|---|---|---|
| | | | വി.ഡി.ജലജാമണി,ഇ.ഇ |
| 3-4 | | 176800 | മിനി.എ.എസ്,എം.ഇ<br>ഗിരീഷ്.ആർ.ഡി,എ.ഇ.ഇ |
| 3-18 | | 5650 | ഷബ്ല സൈലുദ്ധീൻ<br>കൃഷി ഓഫീസർ |
| 3-24 | | 109615 | മിനി.എ.എസ്,എം.ഇ<br>ഗിരീഷ്.ആർ.ഡി,എ.ഇ.ഇ |
| 3-26 | | 19569 | മിനി.എ.എസ്,എം.ഇ<br>ഗിരീഷ്.ആർ.ഡി,എ.ഇ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 120900 | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-9 | 5149078 | മിനി.എ.എസ്,എ.ഇ<br>ഗിരീഷ്.ആർ.ഡി,എ.ഇ.ഇ<br>വി.ഡി.ജലജാമണി,ഇ.ഇ |
| 3-11 | 96950 | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-12 | 17130 | ചിത്രം.എം<br>ഫിഷറീസ് ഇൻസ്‌പെക്ടർ |
| 3-13 | 50000 | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-14 | 12380 | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-15 | 1733166 | ഷെറിൽ ഐറിൻ സോളമൻ<br>സെക്രട്ടറി |
| 3-16 | 768000 | രമണി.സി.ടി<br>പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 3-18 ബി | 650000 | രമണി.സി.ടി<br>പട്ടികജാതി വികസന ഓഫീസർ |
| 3-18 സി | 90000 | രമണി.സി.ടി<br>പട്ടികജാതി വികസന ഓഫീസർ |
| 3-18 ഡി | 616680 | ചിത്ര എം<br>ഫിഷറീസ് ഇൻസ്പെക്ടർ |
| 3-18 ഇ | 158151 | എ.ജെ.ജോയി<br>വെറ്ററിനറി സർജൻ |
| 3-18 എഫ് | 1387500 | പ്രസാദ്<br>പ്രോജക്ട് ഓഫീസർ ദാരിദ്ര്യലഘൂകരണം |
| 3-18 ജി | 509851 | ബിജേഷ് ഉപ്പാലക്കൽ<br>പ്രിൻസിപ്പൽ |
| 3-20 | 266093 | ഡോക്ടർ സച്ചിൻബാബു<br>മെഡിക്കൽ ഓഫീസർ താലൂക്ക് ഓഫീസർ |
| 3-22 | 158757 | മധുകുമാരി.സി.എം<br>ഐ.സി.ഡി.എസ് |
| 3-23 | 140000 | പ്രസാദ്<br>പ്രോജക്ട് ഓഫീസർ ദാരിദ്ര്യലഘൂകരണം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-8 പ്രകാരമുള്ള 842719/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-9, 2-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷെറിൽ ഐറിൻ സോളമൻ, സെക്രട്ടറി, | സെക്രട്ടറി, കൊയിലാണ്ടി നഗരസഭ | LYNDALE<br>എടക്കാട് പി ഒ<br>കോഴിക്കോട്-5 |
| മിനി എ എസ്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കൊയിലാണ്ടി നഗരസഭ | അരുണോദയം<br>മേപ്പയിൽ.പി.ഒ.<br>വടകര-673104 |
| ഗിരീഷ് ആർ ഡി ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | "നിവേദ്യം"<br>പയറ്റു വളപ്പിൽ<br>കൊയിലാണ്ടി |
| ഷബ്ന സൈനുദ്ധീൻ, കൃഷി ഓഫീസർ | താൽകാലികം | തോമിലാഴത്ത്<br>എടക്കുളങ്ങര<br>കരുനാഗപ്പള്ളി. |

| | | |
|---|---|---|
| | | 690523 |
| വി.ഡി.ജലജാമണി,എക്സി.എഞ്ചിനീയർ | എക്സി.എഞ്ചിനീയർ,എറണാകുളം ജില്ലാ പഞ്ചായത്ത് | സൌപർണ്ണിക(വീട്) എച്ച്.എം.ടി കോളനി,കളമശ്ശേരി,എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630/87/20.5.1987 | 9 |
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/87/20.5.1987 | 7 |
| 1974-75,<br>75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/87/20.5.1987 | 4 |
| 1977-78,<br>79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/87/20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/97/3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/97/23.12.1998 | 38 |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/89/1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/92/13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92,<br>92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94,<br>94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99ഖണ്ഡിക | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000<br>ചെലവ് | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | 18 |
| 1999-00<br>ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01<br>(ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |

| | | |
|---|---|---|
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ. | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(3)തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513 /13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168 /13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682 /13(7)തീ.16.8.2014 | 53 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 തീ.20.7.2015 | 36 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |

ജോയിന്റ് ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.8/118/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ – 0495-2371012
തീയതി:28.01.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊയിലാണ്ടി നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ്ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA.KKD/P8/118/2017

Kerala State Audit Department
PH: 0495-2371012
Civil Station – Kozhikode
District Audit Office

Dated: 28.1.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of KOYILANDY MUNICIPALITY in Kozhikode District for the year ended on 31.03.2016 in accordance with section'4' of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994; the rules made there under and the guidelince issued by the Comptroller and Auditor Generla of India for the purpose of certification of accounts of Municipalities.

In my openion, the Financial Statements of Koyilandy Municipality for the year 2015-16 subject to the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR

Kerala State Audit Department
District Audit Office, Kozhikode